


# കൈറ്റ്സ്പാർക്ക്.കോം

## ലിറ്റിൽ കൈറ്റ്സ്

## വിമലമാതാ എച്ച്.എസ്.എസ് കദളിക്കാട്

# ലിറ്റിൽ കൈറ്റ്സ്

## ഐ.ടി. ക്ലബ്ബ്


നമ്പർ : LK/2018/28040

---

# വിമലമാതാ ഹയർ സെക്കണ്ടറി സ്കൂൾ

കദളിക്കാട്

04852 261257



# ആശംസകൾ



അറിവ് തേടണം. എന്നാലാണ് അത് നമ്മിലെത്തുക. ഇതു പോലെ അറിവിന്റെ ഒരു വിസ്മയ പ്രപഞ്ചമാണ് ഐ.ടി മേഖല. ഈ വിസ്മയ പ്രപഞ്ചത്തിലെ ചെറു നക്ഷത്രങ്ങളായി തിളങ്ങുവാൻ ഓരോ കുട്ടിയെയും ഒരുക്കുകയാണ് ലിറ്റിൽ കൈറ്റസ് എന്ന പദ്ധതി.

ലിറ്റിൽ കൈറ്റിന്റെ "ഡിജിറ്റൽ മാഗസിൻ" എന്ന പ്രവർത്തനത്തിലൂടെ കുട്ടികളുടെ സർഗ്ഗശേഷിയെയും ആത്മസമർപ്പണത്തെയും കഠിനാധ്വാനത്തെയും മനസ്സിലാക്കാൻ സാധിച്ചു.ഈ മാഗസിന് നിർമ്മാണത്തിന് നേതൃത്വം നൽകിയ കൈറ്റ് മിസ്ട്രസ് സി.ജൂലിയയെയും പങ്കെടുത്ത കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നതോടൊപ്പം ഇവരുടെ "കൈറ്റ്സ്പാർക്ക്.കോം" എന്ന ഈ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

എന്ന് ,

സി.അനിറ്റ് എസ്.എ.ബി.എസ്

(ഹെഡ്മിസ്ട്രസ് , വിമലമാതാ ഹയർ സെക്കൻഡറി സ്കൂൾ കദളിക്കാട്)

# ആശംസകൾ



അനന്തമായ ആകാശത്ത് പാറിപ്പറക്കുന്ന പക്ഷി. ഉയരങ്ങളിലേക്ക് ലക്ഷ്യ സാക്ഷാത്കാരത്തിനായാണ് അത് പറക്കുന്നത്. ഇത് തന്നെയയാണ് ഇന്നത്തെ ഐ.ടി ലോകം. അറിവിന്റെ , സാങ്കേതികവിദ്യയുടെ അനന്തലോകത്തിലെ പാറിപറക്കുന്ന വർണ്ണപതാകകളാകുവാനുള്ള മാർഗ്ഗം ഒരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി.

ഡിജിറ്റൽ മാഗസിൻ എന്ന ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനം വളരെ മികച്ചതാണ്. കുട്ടികളുടെ ഒരുമയോടെയുള്ള പ്രവർത്തനമികവിനെ മെച്ചപ്പെടുത്തു വാനും അറിവ് വർദ്ധിപ്പിക്കുവാനും ഉതകുന്നതാണ് ഈ മാഗസിൻ. ഈ മാഗസിൻ വിമലമാതാ ഹയർ സെക്കൻഡറി സ്കൂളിലെ 2019-2021 ലിറ്റിൽ കൈറ്റുകളുടെ അധ്വാനത്തിന്റെ ഫലമാണ്. ഇവരുടെ "കൈറ്റ്സ്പാർക്ക്.കോം" എന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന് ,

സി ജൂലിയ എസ്.എ.ബി.എസ്

(കൈറ്റ് മിസ്ട്രസ്,വിമലമാതാ ഹയർ സെക്കൻഡറി സ്കൂൾ കദളിക്കാട്)

# നമ്മുടെ വിദ്യാലയം








# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റേഴ്സ്



ആനന്ദ് ജോ



ആലിയ മുജീബ്

## എഡിറ്റേഴ്സ്



അകിൻ റോജോ



കെസിയ ഷിജു



കൃഷ്ണലാൽ മനോജ്



കീർത്തന രാജേഷ്




ആദിത്യൻ വി എസ്



മീനു വിനോദ്

# എഡിറ്റോറിയൽ




കാലം മാറുന്നതിന് അനുസരിച്ച് നമ്മളും മാറണം.അത് ഇന്നിന്റെ ആവശ്യമാണ് അങ്ങനെയുള്ള ഇന്ന് ,ഈ കാലഘട്ടത്തിൽ ഐ.ടി മേഖല അതിവേഗം മുന്നോട്ട് നീങ്ങുകയാണ്. അതിനോടൊപ്പം നമുക്കും നീങ്ങാം.അതിനുള്ള അവസരമാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക വിദ്യയുടെ വിശാലലോകത്തേക്ക് ഓരോ കുട്ടി യെയും ഉയർത്താൻ ഈ പദ്ധതിയിലെ ഓരോ പ്രവർത്തനങ്ങളും സഹായ കമാകുന്നു.

അറിവും കഴിവും പങ്കുവെയ്ക്കാൻ ഒരു വേദി എവർക്കും ആവശ്യമാണ്. ഇത്തരം ഒരു വേദിയിലൂടെ വിദ്യാർത്ഥികൾക്ക് തിളങ്ങാൻ ഉള്ള അവസരം ഒരുക്കുകയാണ് ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ എന്ന പ്രവർത്തനം.

ഈ പ്രവർത്തനത്തിലൂടെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാനും മലയാളം ടൈ-പ്പിംഗ് പഠിക്കാനും ഉള്ള അവസരം ഒരുങ്ങുന്നു.

ഞങ്ങളുടെ കഴിവും ശേഷിയും പ്രയോജനപ്പെടുത്തി ഞങ്ങളുടെ അറിവുകൾ നിറച്ച ഒരു കൊച്ചുഗ്രന്ഥം.വിമലമാതാ ഹയർ സെക്കൻഡറി സ്കൂളിലെ 2019-2021 അധ്യയന വർഷത്തിലെ ലിറ്റിൽ കൈറ്റുകൾ സമർപ്പിക്കുന്നു.

"കൈറ്റ്സ്പാർക്ക്.കോം"

എന്ന് സ്നേഹപൂർവം,
ചീഫ് എഡിറ്റർ
ആനന്ദ് ജോ നെടുങ്കല്ലേൽ

# ഇതളുകൾ വിരിയുമ്പോൾ......

ആശംസകൾ....................................................................................................................3
ആശംസകൾ....................................................................................................................4
നമ്മുടെ വിദ്യാലയം.........................................................................................................5
എഡിറ്റോറിയൽ ബോർഡ്.....................................................................................................6
എഡിറ്റോറിയൽ.................................................................................................................7
ഇതളുകൾ വിരിയുമ്പോൾ.....................................................................................................8
.....................................................................................................................................9
ലിറ്റിൽ കൈറ്റ്സ്..............................................................................................................10
ഗുരു തന്ന മറുപടി..........................................................................................................12
മുല്ലപ്പൂവും കല്ലും..........................................................................................................13
വിജയമന്ത്രം!!!!..............................................................................................................14
എ.പി.ജെ അബ്ദുൽ കലാം.................................................................................................15
ഐ.ടി ക്വിസ്...................................................................................................................17
എല്ലാം ഒരു തരം യുദ്ധം....................................................................................................19
എല്ലാം ഒരു തരം യുദ്ധം....................................................................................................19
മനുഷ്യൻ നടത്തുന്ന യുദ്ധം................................................................................................19
പുകയിലയെ തടയാം........................................................................................................21
ചാൾസ് ബാബേജ് (1791-1871)..........................................................................................23
അത്യാഗ്രഹം ആപത്താണ്..................................................................................................24
കടംകഥകൾ...................................................................................................................25
ഇഷ്ടമാണേറെ.................................................................................................................27
ശ്രീനാരായണഗുരു............................................................................................................28
ഡിജിറ്റൽ ക്യാമറ.............................................................................................................29
രണ്ടിടങ്ങഴി....................................................................................................................31
ആൽകെമിസ്റ്റ്..................................................................................................................34
ആഗോള താപനം............................................................................................................36
പീലിനിവർത്തി ആടുന്ന മയിലുകൾക്കു...............................................................................37
ദിവ്യകാരുണ്യത്തിന്റെ പാപ്പാ.............................................................................................38
ചാച്ചാജിയും റോസാപൂവും.................................................................................................40
പഴഞ്ചൊല്ലുകൾ...............................................................................................................42
ദുൽഖർ സൽമാൻ............................................................................................................44
ഇടുക്കി ഡാം...................................................................................................................45

ഇന്റർനെറ്റ്......47
സച്ചിൻ തെൻഡുൽക്കർ......49
പാരിന്റെ നന്മയ്ക്ക്‌ത്രേ......50
ക്യാമറ......51
സൂചിമുഖിയുടെ മരണം......52
മണ്ണ് ജീവന്റെ തുടിപ്പ്......53
ഗാന്ധിജി......55
ചാർലി ചാപ്ലിൻ......56
ആപ്പിലായ വാൽ......58
മമ്മൂട്ടി......60
മോഹൻലാൽ......62
ശാസ്ത്ര ക്വിസ്......63
ആർട്ടിഫിഷ്യൽ ഇന്റലിജൻസ്......65
വൈക്കം മുഹമ്മദ് ബഷീർ......68
കമ്പ്യൂട്ടർ......71
അവിരാമം......73
കൊറോണ വൈറസ്......74
മൊബൈൽ ഫോൺ......76
സൗഹൃദത്തിന്റെ വില......78
യാത്രാമംഗളങ്ങൾ......81
പിരിയാത്ത സൗഹൃദം!!!......82

# ലിറ്റിൽ കൈറ്റ്സ്

ഹൈടെക് വിദ്യായങ്ങളിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഇന്ത്യയിലെ ഏറ്റവും വലിയ കുട്ടികളുടെ ഐ.സി.ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഒരു ലക്ഷത്തിലേറെ വിദ്യാർത്ഥികൾ ഇന്ന് ഈ പദ്ധതിയിൽ അംഗങ്ങളാണ്.കുട്ടികൾക്ക് ആനിമേഷൻ , പ്രോഗ്രാമിങ്ങ് , മൊബൈൽ ആപ്പ് നിർമ്മാണം , റോബോട്ടിക്സ് , ഇലക്ട്രോണിക്സ് തുടങ്ങിയ വിഷയങ്ങളിൽ വിവിധ പരിശീനങ്ങൾ , വിദഗ്ധരുടെ ക്ലാസ്സുകൾ , ക്യാമ്പുകൾ എന്നിങ്ങനെ കുട്ടികളുടെ കഴിവിനെ വളർത്തുന്ന രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കംപ്യൂട്ടറുകളും മറ്റു ഇലക്ട്രോണിക് ഉപകരണങ്ങളും നന്നാക്കാൻ കുട്ടികളെ പഠിപ്പിക്കുക , ഐ . ടി മേഖലയിൽ ഉള്ള വിദ്യാർത്ഥികളുടെ താൽപര്യം വർദ്ധിപ്പിക്കുക , ശരിയായ ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചും സൈബർ സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.




2018 ജനുവരി 22 -ആം തീയ്യതി തിരുവനന്തപുരത്ത് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഈ സംഘടന ഇന്ന് കേരളത്തിന്റെ ഐ.ടി പ്രതിഭകളുടെ വിളനിലമായി നിലകൊള്ളുന്നു.ഈ സംഘടന നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.വിവധ ക്യാംപുകളിലൂടെ ഐ.ടി രംഗത്തെ ഏറ്റവും മികച്ചവരെ കണ്ടെത്തുന്നു.

ഓരോ കിളിക്കും പറക്കാൻ പാകത്തിന് അനന്തമാണ് വിശാലമാണ് ആകാശം. ഇതുപോലെ ആധുനികലോകത്തിൽ ഐ.ടി മേഖലയിലെ സാധ്യകൾ അനന്തമാണ്.ഈ വാതായനത്തിലേക്ക് പറക്കുവാനുള്ള അവസരം ഒരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ്!!!!

https://kite.kerala.gov.in/littlekites/lkms/

# ഗുരു തന്ന മറുപടി



ഡോണ സി റോബർട്ട്

ചെമ്പനീർപ്പൂവായി തഴുകിയെത്തി
എൻ മുൻപിൽ അറിവിൻ
കവാടം കണി തന്നു മെല്ലെ
അക്ഷയമാം അക്ഷരം തൂകിയെൻ ഗുരു
വർണ്ണമിണങ്ങിത്തിളങ്ങിയെൻ
കഴിവിനെ ഞാൻ തോളിലേറ്റി
ആകാശഗോപുരത്തെ വെളിച്ചത്തിനായി
ആ വഴി വിസ്മയമാക്കിയെൻ ഗുരു
അറിവിന്റെ കടലിലേക്ക് പിച്ചവെപ്പിച്ചെന്നെ
അറിവൊഴുകും പ്രഭാതമായി കൈയിൽതന്നു
ഈശ്വരനാരെന്നെൻ ചോദ്യത്തിൽ
ഈശ്വരനെ തെളിച്ചുതന്നെൻ ഗുരു



shutterstock.com • 1039240234

എൻ വിദ്യാലയത്തെ മധുരസ്മരണ-
യാക്കും ഗുരുവിൻ ദിനത്തിൽ
അനുഗ്രഹ വചസ്സായി ഗുരുവിൻ മറുപടി
നന്മ പുലർത്തുക നീ എന്നിലും നിന്നിലും
ഏവരിലും പിന്നെയീ പൂവിലും പാരിലും.

# മുല്ലപ്പൂവും കല്ലും



അകിൻ റോജോ

ഒരിക്കൽ ഒരു പെൺകുട്ടി കളിക്കാൻ കുറെ കല്ലുകൾ പെറുക്കാൻ തുടങ്ങി.കല്ലുകൾ പെറുക്കിക്കൊണ്ടിരിക്കു മ്പോൾ കുട്ടിക്ക് വല്ലാത്ത സുഗന്ധം അനുഭവപ്പെട്ടു. എവിടെനിന്നാണ് ആ സൗരഭ്യമെന്ന് അവൾക്ക് ആദ്യം മനസ്സിലായില്ല. കുട്ടി തൻെ കൈയിലുണ്ടായിരുന്ന കല്ലുകൾ മണത്തു നോക്കി.അവയിലുണ്ടായിരുന്ന ഒരു കല്ലിന് മുല്ലപ്പൂവിൻെ മണം.അവൾക്ക് അത്ഭുതം തോന്നി.കല്ലിനോട് അവൾ ചോദിച്ചു:"നിനക്ക് ഈ സുഗന്ധം എവിടെ നിന്നാണ് കിട്ടിയത്"?കല്ല് മറുപടി പറഞ്ഞു:"കുട്ടി, ഞാൻ ഇത്രനേരം മുല്ലപ്പൂക്കളുടെ കൂടെ ആയിരുന്നു.ഒരാൾ കുറെ മുല്ലപ്പൂക്കൾ കൊണ്ടുവന്ന് എൻെ അരികിൽ



വച്ചു.അവയുടെ പൂമ്പൊടി എൻെ ദേഹത്തും വീണിരിന്നു. അതുകൊണ്ടാണ് എനിക്ക് മുല്ലപ്പൂവിൻെ മണം കിട്ടിയത്



സൗരഭ്യമുളള പൂക്കളുടെ കൂടെ കഴിയാനിടവന്നാൽ കുട്ടിക്കും നല്ല സൗരഭ്യമുണ്ടാകും.കഴിഞ്ഞ മാസത്തിലൊരു ദിവസം ഒരു ചീഞ്ഞ മുട്ട ഉടഞ്ഞ് എന്റെ ദേഹത്ത് തെറിച്ചുകൊണ്ടു അതിൽപിന്നെ കുറേ നാളത്തേയ്ക്ക് എന്റെ കൂട്ടുകാരെല്ലാം എന്നെ ഉപേക്ഷിച്ചു. കാരണമെന്തെന്നോ?ചീഞ്ഞ മുട്ടയുമായുള്ള ബന്ധം എന്റെ ദേഹത്ത് ദുർഗന്ധം ഉണ്ടാക്കിയിരുന്നു. കല്ലിന്റെ സംസാരത്തിൽ നിന്ന് കുട്ടിക്ക് ചില പുതിയ അറിവുകൾ നേടാൻ കഴിഞ്ഞു .

**ഗുണപാഠം : സംസർഗമാണ് ഗുണ ദോഷങ്ങൾക്ക് മുഖ്യ കാരണം നല്ലവരോടു ചേർന്നാൽ നല്ലതും; ചീത്തവരോടു ചേർന്നാൽ ചീത്തയും നമ്മിൽ പകരും**

# വിജയമന്ത്രം!!!!



AllQOUTS
നിങ്ങൾക്ക് പറക്കാൻ
കഴിയില്ലെങ്കിൽ ഓടുക,
ഓടാൻ കഴിയില്ലെങ്കിൽ നടക്കുക,
നടക്കാൻ കഴിയില്ലെങ്കിൽ ഇഴയുക,
പക്ഷെ ചെയ്യുന്നത്
എന്തുതന്നെയായാലും
മുൻപോട്ട് തന്നെ നീങ്ങുക..
www.AllQuotesIcon.com





WHYKOL.COM
പരാജയമെന്നത് നിങ്ങൾക്ക്
കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള അവസരമാണ്..




AllQOUTS
ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത
പരിശ്രമവും ധൈര്യവും
അപൂർണ്ണമാണ്..
www.AllQuotesIcon.com





AllQOUTS
നിങ്ങൾക്ക് ഒരു
സൂര്യനെപ്പോലെ
തിളങ്ങണമെങ്കിൽ,
ആദ്യം സൂര്യനെപ്പോൽ
കത്തിജ്വലിക്കുക..
www.AllQuotesIcon.com

WHYKOL.COM
നിങ്ങൾക്ക് ചെയ്യുവാൻ കഴിയില്ലെന്ന്
മറ്റുള്ളവർ പറയുന്ന കാര്യം
ചെയ്യുന്നതാണ് ജീവിതത്തിലെ
ഏറ്റവും വലിയ സന്തോഷം..
WALTER BAGEHOT




സൗഹൃദമാണ്
നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ
നിങ്ങളാണ്
ലോകത്തിലെ ഏറ്റവും വലിയ ശക്തൻ
MALAYALAMSCRAP.COM

WHYKOL.COM
ഒരു കുട്ടി,
ഒരു അദ്ധ്യാപിക,
ഒരു പുസ്തകം,
പിന്നെയൊരു പെന്ന്
ഇവയ്ക്ക് ഈ ലോകം
മാറ്റിമറിയ്ക്കാൻ സാധിക്കും..





WHYKOL.COM
മറ്റുള്ളവർ നിങ്ങൾക്ക് നേരെ
കല്ലെറിയുന്നെങ്കിൽ,
നിങ്ങൾ അവയെ
നാഴികക്കല്ലുകളാക്കി മാറ്റുക..
-സച്ചിൻ

# എ.പി.ജെ അബ്ദുൽ കലാം


ആൻ തെരേസ സജി

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു (2002-2007) ജൈനുലബ്ദീൻ ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു പ്രശസ്തനായ മിസൈൽ സാങ്കേതിക വിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്താണ് ജനിച്ചത്.

ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം, ബഹിരാകാശ ഗവേഷണ കേന്ദ്രം, തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു.ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റെയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊഖ്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 2002-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാ പാർട്ടിയുടെയും പ്രധാന പ്രതിപക്ഷകക്ഷിയായിരുന്ന ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സ് (ഐ) യുടെയും പിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.തന്റെ ജനകീയനയങ്ങളാൽ, "ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25 ന് സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജന സേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്



അഹമ്മദാബാദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻഡോർ, എന്നിവിടങ്ങളിൽ അദ്ധ്യാപകനും, തിരുവനന്തപുരം  ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയുടെ വൈസ് ചാൻസലറുമായിരുന്നു. 2020 ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും,ദർശനങ്ങളും ഇന്ത്യ 2020 ൽ എന്ന തന്റെ
പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു സാങ്കേതിക വിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ച വ്യക്തമായ കാഴ്ച്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. തന്റെ ഈ-മെയിൽ എല്ലായ്പ്പോഴും സജീവമായിരുന്നുകൊണ്ട് അദ്ദേഹം ആളുകളുമായി, വിശിഷ്യാ വിദ്യാർത്ഥികളുമായി, നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു. 2015 ജൂലൈ 27 ന് 84-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഷില്ലോങിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ രസംഗിക്കുന്നതിനിടെ ഉണ്ടായ ഹൃദയാഘാതത്തെ തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ അടുത്തുള്ള ബഥനി ആസ്പത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

# ഐ.ടി ക്വിസ്



മീനു വിനോദ്

1.ആദ്യ ഗ്രാഫിക്കൽ വെബ് ബ്രൗസർ ഏതാണ് ?

*മൊസൈക്*

2.ആപ്പിൾ വികസിപ്പിച്ചെടുത്ത വെബ് ബ്രൗസർ ഏതാണ് ?

*സഫാരി*

3.ഒരു ഇ – മെയിലിനൊപ്പം ബന്ധിപ്പിച്ച വിടാവുന്ന ഫയലിന്റെ ഏറ്റവും കൂടിയ വലിപ്പം എത്രയാണ് ?

*25 എം.ബി*



4.കംപ്യൂട്ടറും ടെലിഫോൺ സിസ്റ്റവും ബന്ധപ്പെടുത്തി ആശയവിനിമയം നടത്തുന്നതിനെ എന്തു പറയുന്നു ?

*ടെലി കമ്മ്യൂണിക്കേഷൻ*

5.ഒരു സി.ആർ.ടി മോണിറ്ററിന്റെ അകത്തെ കോട്ടിംഗ് എന്ത് ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത് ?

*ഫോസ്ഫർ*



6.അപ്പാക്ക് എന്നാലെന്ത് ?

*വെബ് സെർവർ*

7.കംപ്യൂട്ടർ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ റീസ്റ്റാർട്ട് ചെയ്യുന്നതിനെ എന്താണ് പറയുന്നത് ?

*വാം ബൂട്ട്*

8.പഞ്ച്ഡ് കാർഡുകൾ ആദ്യമായി നിലവിൽ കൊണ്ടുവന്നതാരാണ് ?

*ഹെർമൻ ഹോളരിത്ത്*

9.ഡോട്ട് മെട്രിക്സ് പ്രിന്ററുകൾ ഏതു തരം പ്രിന്ററുകളാണ് ?

*ഇംപാക്ട്*

10.ആരാണ് ആദ്യ മെക്കാനിക്കൽ കാൽക്കുലേറ്റർ നിർമ്മിച്ചത് ?

*ബ്ലെയിസ് പാസ്കൽ*

11.പുരാതന കാലത്ത് കണക്കുകൂട്ടുന്നതിനായി ഉപയോഗിച്ച ഉപകരണം ?

*അബാക്കസ്*

12.യൂട്യൂബ് ഏതുവർഷമാണ് ആരംഭിച്ചത് ?

*2005*

13.ഒരു കംപ്യൂട്ടറിന്റെ അക്ഷരത്തിന്റെ നീളം അളക്കുന്ന യൂണിറ്റ് ?

*ബൈറ്റുകൾ*

14.ഐ.സി. ചിപ്പുകൾ എന്തുപയോഗിച്ചാണ് ഉണ്ടാക്കിയിരുന്നത് ?

*സിലിക്കൺ*

15.ഒരു ഡി.വി.ഡിയുടെ ഭാരം എത്രയാണ് ?

*16 ഗ്രാം*

# എല്ലാം ഒരു തരം യുദ്ധം.......



ആനന്ദ് ജോ
നെടുങ്കല്ലേൽ

എല്ലാം ഒരു തരം യുദ്ധം
മനുഷ്യൻ നടത്തുന്ന യുദ്ധം
പണത്തിനായ് തൊഴിലിനായ് സുഖത്തിനായ്
മനുഷ്യൻ നടത്തുന്ന യുദ്ധം.......
രാജ്യങ്ങൾ തമ്മിൽ യുദ്ധം കനത്തു
വ്യാപാരയുദ്ധം ധനത്തിനായ്
പണമില്ല തൊഴിലില്ല ഒരുഗതിയുമില്ല
പാവം ജനങ്ങൾ വെട്ടിലായ്.......
പെട്രോളിൻ ഡീസലിൻ വിലയും ഉയർന്നു
ഓഹരിസൂചിക താണുപോയി
രൂപ തൻ മൂല്യം ഇടിഞ്ഞുപോയി
ക്രൂഡ് ഓയിൽ വില ഉയർന്നുപോയി.......
നികുതികൾ പലതരം എത്തിതുടങ്ങി
രാഷ്ട്രത്തിൻ ഭാവി തുലാസിലായി
പണത്തിനുവേണ്ടി യുദ്ധം കനത്തു
നരഹത്യ തുടർക്കഥയായ്.......
മതമൈത്രി എങ്ങും നശിച്ചുതുടങ്ങി
ദൈവത്തെ വേണ്ടാതെയായി
പീഡനം എങ്ങും ശീലമായ് മാറി
മനുഷ്യസുരക്ഷ തകർന്നുപോയി.......
മനുഷ്യമനസ്സിലും അന്തരീക്ഷത്തിലും
മലിനീകരണം കടന്നുകൂടി
കള്ളവും ചതിയും പൊളിവചനവും
എങ്ങും തുടർക്കഥയായ്.......



ക്രിസ്തുതൻ ത്യാഗശീലം എങ്ങു പോയി
ശ്രീകൃഷ്ണനാം ധർമ്മരക്ഷോപായവും

ബുദ്ധന്റഹിംസയും എങ്ങുപോയി
മുഹമ്മദിൻ സ്ഥൈര്യം മാഞ്ഞുപോയി.......
　　ദയയില്ല ക്ഷമയില്ല സ്നേഹമില്ല
　　ജീവനു വിലയില്ല സത്യമില്ല
　　ഹിംസയുണ്ടെങ്ങും അഹിംസയില്ല
　　ഹോമമുണ്ടെങ്ങും സുരക്ഷയില്ല.......
തടവറയിലെന്നും നിരപരാധികൾ
കുന്നുകൂടുന്നു ശിക്ഷിക്കപ്പെടുന്നു
ദുഷ്ടർ പണത്തിൽ രക്ഷതേടുന്നു
അഴിമതി എങ്ങും നിറഞ്ഞിടുന്നു.......
　　പ്രളയങ്ങൾ കാറ്റുകൾ പ്രകൃതിക്ഷോഭങ്ങൾ
　　ഭൂമികുലുക്കങ്ങൾ സ്ഫോടനങ്ങൾ
　　മനുഷ്യൻ പ്രകൃതിക്കെതിരായി ചെന്നു
　　പ്രകൃതി തിരിച്ചടിച്ചല്ലോ.......
വീടുകൾ തോറും ശവപ്പറമ്പായ്
കുടുംബബന്ധങ്ങൾ ശിഥിലമായ്
പണത്തിനായ് വെട്ടുന്നു കുത്തുന്നു ചവിട്ടുന്നു
ശുഷ്കിച്ചുപോയി മനുഷ്യമനസ്സ്.......
　　എല്ലാം ഒരു തരം യുദ്ധം
　　മനുഷ്യൻ നടത്തുന്ന യുദ്ധം
　　പണത്തിനായ് തൊഴിലിനായ് സുഖത്തിനായ്
　　മനുഷ്യൻ നടത്തുന്ന യുദ്ധം.......

# പുകയിലയെ തടയാം



അജിത് ആർ. നായർ

ലഹരി വസ്തുക്കൾ സങ്കീർണ്ണമായ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.ആരോഗ്യം , സംസ്കാരം , സമ്പത്ത് , പഠനം , മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെ റിയുന്നു.ഈ ലഹരിവസ്തുക്കളെ നമുക്കു വർജ്ജിക്കാം.



ലോകത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പത് ലക്ഷത്തോളം പേരുടെ മരണത്തിന് കാരണമാകുന്ന അതീവമാരകമായ ലഹരിപദാർഥമാണ് പുകയില.കുറേ കുടുംബങ്ങളുടെ കണ്ണീരിന് കാരണമായ വസ്തുവാണ് പുകയില.

## ആരോഗ്യപ്രശ്നങ്ങൾ

പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു.നിക്കോട്ടിന് , ടാർ , കാഡ്മിയം , അമോണിയ , ബെൻസീൻ എന്നിവ അവയിൽ ചിലതാണ്.ഇവയുടെ ഉപയോഗം വഴിയായി ശ്വാസകോശം , കിഡ്നി , കരൾ തുടങ്ങിയവയ്ക്ക് സാരമായ തകരാറുകൾ സംഭവിക്കുന്നു.അത് ക്യാൻസർ , ബ്രോങ്കൈറ്റിസ് തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നു.പുകവലി ആരോഗ്യ ത്തിന് ഹാനികരമാണ്.




അണുബാധകൾക്കും പുകവലി കാരണമാകും. സൈനസൈറ്റിസ്, ന്യുമോണിയ

പോലുള്ള രോഗങ്ങൾ പെട്ടെന്നു പിടികൂടാൻ ഈ ശീലം കാരണമാകും. ലംഗ്സിലും ശ്വാസകോശത്തിലും നിക്കോട്ടിൻ അവശിഷ്ടങ്ങൾ അടിഞ്ഞു കൂടുന്നതാണ് ഇതിന് കാരണം.അൽഷിമേഴ്സ് പോലുള്ള രോഗങ്ങൾക്കും പുകവലി കാരണമാകും. നിക്കോട്ടിൻ തലച്ചോറിനെ ബാധിയ്ക്കുന്നതാണ് ഇതിന് കാരണം.ആരോഗ്യത്തിനു മാത്രമല്ല, സൗന്ദര്യത്തിനു പുകവലി ദോഷം വരുത്തും. ചുണ്ടുകൾ കറുക്കും. രക്തസഞ്ചാരം കുറയുന്നതു കൊണ്ട് ചർമം കരുവാളിക്കാനും സാധ്യത കൂടുതലാണ്.ഹൃദയസംബന്ധമായ അസുഖങ്ങൾക്കും പുകവലി വഴി വയ്ക്കും. കൊളസ്ട്രോൾ തോത് ഉയരുന്നത് പുകവലി കാരണമാകും. ഇത് രക്തപ്രവാഹത്തെ തടസപ്പെടുത്തും. ഹൃദയാഘാത സാധ്യത വർദ്ധിക്കും.

## എങ്ങനെ പുകവലി ഉപേക്ഷിക്കാം?

ആദ്യം വേണ്ടത് ഉറച്ച തീരുമാനം ഇനി പുകവലിക്കില്ലെന്ന ഉറച്ച തീരുമാനമാണ് ആദ്യം വേണ്ടത്. പുകവലിക്കാനുള്ള പ്രവണത ഉണ്ടാവുമ്പോൾ മനസ്സ് നിയന്ത്രിക്കാൻ ശ്രമിക്കാം.ജോലിക്കിടയിലോ മറ്റോ ഉണ്ടാവുന്ന സമ്മർദ്ദം കുറയ്ക്കാനാണ് പലരും പുകവലിച്ചു തുടങ്ങുന്നത്. എന്നാൽ പുകവലി നിങ്ങളുടെ സമ്മർദ്ദത്തിന് യാതൊരുവിധത്തിലുമുള്ള കുറവും വരുത്തുന്നില്ല.പകരം ആരോഗ്യത്തിന് ഒരു ശതമാനം പോലും ഗുണം നൽകുന്നില്ല താനും.പകരം ആരോഗ്യത്തിന് ഒരു ശതമാനം പോലും ഗുണം നൽകുന്നില്ല താനും.ഏകാഗ്രമായിരിക്കൽ, ധ്യാനം, യോഗം എന്നിവ ശീലമാക്കി സമ്മർ ദ്ദമകറ്റാം. ജോലിക്കിടയിലാണെങ്കിൽ ഇടയ്ക്ക് പാട്ടു കേട്ടോ സംസാരിച്ചോ സമ്മർ ദ്ദം നിയന്ത്രിക്കാൻ ശ്രമിക്കാം.


നല്ല കൂട്ടുകർക്ക് നൽകാം നല്ല ചിന്തകൾ......
നമ്മുടെ ജീവന് തന്നെ ദോഷകരമായ പുകയിലയെ നമുക്ക് ഉപേക്ഷിക്കാം......
മാറാം നല്ലൊരു നാളേയ്ക്കായി......
പുകയിലയെ എതിർക്കാം..

# ചാൾസ് ബാബേജ് (1791-1871)




അഞ്ജന സുനീഷ്

പ്രശസ്തനായ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ഗണിത ശാസ്ത്രജ്ഞനുമായ ചാൾസ് ബാബേജ് കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നു.അനലിറ്റിക്കൽ എൻജിൻ എന്ന ഇദ്ദേഹത്തിന്റെ കമ്പ്യൂട്ടർ ലോകത്തിന്റെ ഐ.ടി മേഖലയെ തന്നെ മാറ്റിമറിച്ചു.അറിവിന്റെ



ലോകത്തേക്ക് വാതായനങ്ങൾ തുറന്നു.ശാസ്ത്ര രംഗത്ത് ഐസക് ന്യൂട്ടൺ എന്ന പോലെയാണ് ഇദ്ദേഹത്തിന് കമ്പ്യൂട്ടർ ശാസ്ത്രരംഗത്ത് ഉള്ള പ്രാധാന്യം.ചാൾസ് ബാബേജ് ഒരു തത്വചിന്തകൻ കൂടിയായിരുന്നു. ഇദ്ദേഹത്തിന്റെ മറ്റൊരു കണ്ടുപിടിത്തമാണ് ഡിഫറൻസ് എൻജിൻ.ഇത് ലോകത്തിലെ തന്നെ ആദ്യത്തെ കാൽ ക്കുലേറ്റർ ആണ്.ലോകത്തിലെ ഏറ്റവും വലിയ മഹാൻ മാരായ ശാസ്ത്രജ്ഞരുടെ കൂട്ടമായ റോയൽ സൊസൈറ്റിയിൽ അംഗം കൂടിയായിരുന്നു ഈ മഹാനായ ശാസ്ത്രജ്ഞൻ.ഇദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളെ ആദരിക്കാം.അനുസ്മരിക്കാം.



ഡിഫറൻസ് എൻജിൻ

# അത്യാഗ്രഹം ആപത്താണ്


ഫെമി സാന്റി

ഒരിക്കൽ ഒരു വനവേടൻ കാട്ടിലൂടെ നടക്കുകയായിരുന്നു.കുറെ നടന്നിട്ടും ഒറ്റ മൃഗത്തെപോലും കണ്ടെത്താനായില്ല. അവസാനം നിരാശനായി മടങ്ങാൻ തുടങ്ങവേ ഒരു പുള്ളിമാൻ ആ വഴി വന്നു. സന്തോഷവാനായ വേടൻ മാനിനെ അമ്പെയ്തു വീഴ്ത്തി. അതിനെ തോളിലേറ്റി നടന്നു നീങ്ങവേ വഴിയിൽ അദ്ദേഹം തടിച്ചുകൊഴുത്ത ഒരു പന്നിയെ കണ്ടു. പന്നിയെക്കൂടി സ്വന്തമാക്കണമെന്നു കരുതിയ വേടൻ മാനിനെ തോളിൽ നിന്നു താഴെയിറക്കിയ ശേഷം പന്നിയെ അമ്പെയ്തു. അമ്പു തറച്ച്



മരണവെപ്രാളംകൊണ്ട പന്നി വേടന് ഒന്നു ഓടിയൊളിക്കാൻ പോലും സമയം കൊടുക്കാതെ അയാളെ ആക്രമിച്ചു. പന്നിയുടെ വളഞ്ഞുകൂർത്ത തേറ്റകൾ വേടന്റെ വയറ്റിൽ ആഴ്ന്നിറങ്ങി. അങ്ങനെ വേടൻ കൊല്ലപ്പെട്ടു. മരണവെപ്രാളത്തിനിടയിൽ വേടന്റെ ചവിട്ടേറ്റ് പുറ്റിൽ ഉണ്ടായിരുന്ന പാമ്പ് ചത്തു. ഈ സമയം അതു വഴി വന്ന ഒരു കുറുക്കൻ പന്നി ,മാൻ, വേടൻ, പാമ്പ് എന്നിവരുടെ മൃതശരീരങ്ങൾ കണ്ടു. കുറുക്കൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. അവന് ഏതാദ്യം കഴിക്കും എന്ന് നിശ്ചയമില്ലാതായി. ഓർക്കാപ്പുറത്ത് കിട്ടിയ ഈ സൗഭാഗ്യം കുറുക്കനെ അന്ധനാക്കി. അവൻ ഓരോ മൃതശരീരവും മണത്തുനോക്കി രസിച്ചു. വേടന്റെ കൈയ്യിലുണ്ടായിരുന്ന വില്ലും മണത്തുനോക്കി . ഏതോ വിശേഷപ്പെട്ട മൃഗത്തിന്റെ കുടൽമാല ഉണക്കി നിർമ്മിച്ചിരിക്കുന്ന ഞാണിന്റെ ഗന്ധം കുറുക്കനെ കൊതിപ്പിച്ചു . അവൻ ഞാണിന്റെ ഒരഗ്രം തന്റെ മുഖത്തിനു നേരേ വരത്തക്കവണ്ണം കാൽചവിട്ടി പിടിച്ച് നടക്കാൻ തുടങ്ങി നാക്കിന്റെ അരംകൊണ്ട് ഞാൺപൊട്ടി ചാപത്തിന്റെ അഗ്രം കുറുക്കന്റെ നെറ്റിയിൽ തറച്ചു. അങ്ങനെ കുറുക്കനും മരിച്ചു വീണു.

# കടംകഥകൾ



അഖിൽ ജയൻ

അകം എല്ലം തോലും പുറം പൊന്തം പൊന്തം.

വൈക്കോൽ തുറ

അകത്തിരിപ്പോനെ പുറത്തുക്കാട്ടും കണ്ണാടി

മുഖം

അകന്നുന്നിന്നു നോക്കി കാണും കണ്ടതെല്ലാം ഉള്ളിലാക്കും

ക്യാമറ

അകത്തു രോമം പുറത്ത് ഇറച്ചി

മൂക്ക്

അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു

കുരുമുളക്




അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില

പപ്പടം

അടിക്കു കൊടുത്താൽ മുടിക്കു കാണാം

തെങ്ങ്

അടിക്കു വെട്ട് , നടുക്ക് കെട്ട് , തലയ്ക്ക് ചവിട്ട്

നെല്ല്

അടി പാറ , നടു വടി , തല കാട്

ചേന

അടുക്കളയിലെ അമ്മായിഅമ്മ

പൂച്ച

അടിയില്ലാത്ത ഭരണി

കിണർ

അന്തണൻ വെന്തു , പൂണൂല് കരിഞ്ഞില്ല

കാട്ടിലെ നടപ്പാത

അമ്മ കിടക്കും മകളുരുളും

അമ്മിയും അമ്മിക്കുട്ടിയും

അമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം

കട്ടുറുമ്പ്

അമ്മ പെറ്റതെല്ലാം വെള്ളപട്ടാളം

ചിതൽ

അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്

ചിരവ

അമ്മ പരന്നു പരന്നു , മകൾ ഉരുണ്ടുഉരുണ്ട്

അമ്മിയും അമ്മിക്കുട്ടിയും

ആകാശത്തെത്തുന്ന തോട്ടി

കണ്ണ്

ആനക്കൊമ്പിൽ നെടിയരി

തെങ്ങിൻപൂങ്കുല


-

# ഇഷ്ടമാണേറെ.......

ഗ്രാമത്തിലാണെന്നമ്മമ്മതൻവീട്,
ഭൂമിതൻ മടിയായ ഗ്രാമത്തിൽ.
പ്രകൃതിതൻ സൗന്ദര്യം ആവോളമേന്തുമീ
ഗ്രാമത്തിൽ പോയി ഞാൻ അന്നൊരു നാളിൽ
സ്നേഹം തുളുമ്പുമാ മുഖവും കൈകളും
സ്നേഹത്തോടെയെൻ നെറുകയിൽ തഴുകി.
ആ സ്നേഹം രുചിച്ചറിഞ്ഞ്



ശ്രീദേവി



അമ്മമ്മയോടടുത്തുപോയി ഞാൻ
രുചിയേറും ഭക്ഷണം
സ്നേഹം ചാലിച്ച് വാരിത്തരുമ്പോൾ
സ്നേഹിച്ചുപോയെൻ അമ്മമ്മയെ
കഥകൾ കേട്ടുറങ്ങി ഞാൻ ആ മാറിന്


കാലമേറെ കടന്നുപോയി
ജീവിതം കാതങ്ങൾക്കകലെയായി.
അന്നൊരു നാളിലെൻ കൂട്ടുകാരോടൊത്ത്
ഞാനെത്തിയൊരേകാന്ത വൃദ്ധസദനത്തിൽ

# ശ്രീനാരായണഗുരു


ഗായത്രി


ഹിന്ദുമതത്തിലെ അനാചാരങ്ങൾക്കെതിരരെ ശക്തമായി പോരാടിയ ആത്മീയാചാര്യനായിരുന്നു ശ്രീനാരായണഗുരു. കേരള നവോത്ഥാന ത്തിന്റെ പിതാവായി ഇദ്ദേഹം അറിയപ്പെടുന്നു.തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തി ഗ്രാമത്തിൽ വയൽവാരം വീട്ടിൽ 1856 ആഗസ്റ്റ് ഇരുപതിന് ജനിച്ചു.ഒരു ജാതി, ഒരു മതം,ഒരു ദൈവം മനുഷ്യന് എന്ന ഗുരു വചനത്തിലൂടെ മനുഷ്യർ തമ്മിൽ വ്യത്യാസങ്ങളില്ലെന്ന് അദ്ദേഹം പറഞ്ഞു.1888-ല് നെയ്യാറ്റിൻകരയ്ക്കടുത്തുള്ള അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിക്കൊണ്ട് സാമൂഹികവിപ്ലവത്തിനു തുടക്കംകുറിച്ചു. കേരളത്തിലുട- നീളം അറുപതിലധികം ക്ഷേത്രപ്രതിഷ്ഠകൾ ശ്രീനാരായണഗുരു നടത്തുകയുണ്ടായി.പിന്നാക്ക വർഗ്ഗങ്ങൾക്കിടയിലെ അധർമ്മങ്ങൾ ഇല്ലാതാക്കാനുള്ള ഏക പോംവഴി വിദ്യാഭ്യാസം ആണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

1903-ൽ ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിന്റെ ആത്മീയാചാര്യനായി.1904-ൽ ശിവഗിരികേന്ദ്രവും 1913 -ൽ ഗുരു ആലുവയിൽ അദ്വൈതാശ്രമം തുടങ്ങി.1922-ൽ ടാഗോറും 1925-ൽ മഹാത്മാഗാന്ധിയും നാരായണഗുരുവിനെ സന്ദർശിച്ചു.അദ്ദേഹം ഒരുപാട് കൃതികൾ രചിച്ചിട്ടുണ്ട്.1928 സെപ്റ്റംബർ ഇരുപതിന് ശിവഗിരിയിൽവച്ച് സമാധിയായി.



https://en.wikipedia.org/wiki/Narayana_Guru/

# ഡിജിറ്റൽ ക്യാമറ



ആനന്ദ് രാജേഷ്

ക്യാമറകളുടെ വംശത്തിലെ പുതുതലമുറക്കാരാണ് ഡിജിറ്റൽ ക്യാമറകൾ. 21-ആം നൂറ്റാണ്ടിലെ ക്യാമറകളിൽ ബഹുഭൂരിപക്ഷവും ഡിജിറ്റൽ ക്യാമറകളാണ്. ഇവയുടെ വരവോടെ ഫോട്ടോഗ്രാഫി എന്ന ജോലി എന്നത് സെക്കന്റുകൾകൊ ണ്ട് നിർവ്വഹിക്കാവുന്നതായിത്തീർന്നു.ലോകമെങ്ങുമുള്ള ജേർണലിസ്റ്റുകൾക്കും ഇത് വൻതോതിൽ പ്രയോജനം ചെയ്തു. പേനയിൽ പോലും ഘടിപ്പിക്കാവുന്ന ഡിജിറ്റൽക്യാമറ മാധ്യമരംഗത്ത് വൻസ്ഫോടനങ്ങളാണ് സൃഷ്ടിച്ചത്. എത്രയോ അഴിമതികൾ പുറത്തുവരികയും കുറ്റക്കാർ ശിക്ഷിക്കപ്പെടുകയും ചെയ്യതിനു പിന്നിൽ ഈ കൊച്ചുക്യാമറക്കണ്ണുകളുടെ പങ്ക് നിർണ്ണായകമാണ്

നിശ്ചലദൃശ്യങ്ങളും ചലിക്കുന്ന ദൃശ്യങ്ങളും പകർത്താനാവുമെന്നതാണ് ഡിജിറ്റൽ ക്യാമറകളുടെ മറ്റൊരു സവിശേഷത. ഡിജിറ്റൽ രൂപത്തിലാണ് ഇതിൽ ദൃശ്യങ്ങൾ റെക്കോർഡു ചെയ്യപ്പെടുന്നത് . ഫിലിംക്യാമറകൾക്ക് ചെയ്യാൻ കഴിയാത്തതു പലതും ഡിജിറ്റൽ ക്യാമറകൾ ചെയ്യുന്നുണ്ട്. പകർത്തിയ ദൃശ്യങ്ങൾ അപ്പോൾത്തന്നെ ക്യാമറയുടെ സ്ക്രീനിൽ കാണാനാവുന്നു എന്നതാണ് ഇതിന്റെ ഏറ്റവും മികച്ച നേട്ടം. ഇതിലൂടെ ഉദ്ദേശിച്ചപോലെ ദൃശ്യം കിട്ടിയില്ലെങ്കിൽ വീണ്ടും പകർത്താനാവുമെന്ന സൗകര്യം ലഭിക്കുന്നു.



വളരെ ചെറിയൊരു മെമ്മറിചിപ്പിലേക്കാണ് ദൃശ്യങ്ങൾ റെക്കോർഡു ചെയ്യപ്പെടുന്നത്. ആയിരക്കണക്കിന് ഇമേജുകൾ ഈ ചിപ്പിനുള്ളിൽ ശേഖരിക്കാനാകുന്നു. ഇതിൽനിന്ന് ആവശ്യമില്ലാത്തത് ഒഴിവാക്കാമെന്നതും സൗകര്യമാണ്. ചിപ്പ് നിറയുന്ന

കണക്കിന് ഇമേജുകൾ ഡിലീറ്റ് ചെയ്യുകയും പുതിയത് പകർത്തുകയുമാവാം. ശബ്ദമടക്കമുള്ള ചലദൃശ്യങ്ങൾ പകർത്താനും എഡിറ്റ ചെയ്യാനും കഴിയുന്ന ഡിജിറ്റൽ ക്യാമറകളിൽ വേറെയും ഒട്ടേറെ സാങ്കേതികസൗകര്യങ്ങളുണ്ട്. വിവിധ കമ്പനികൾ വ്യത്യസ്ത രൂപങ്ങളിലുള്ള ക്യാമറകൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. സോണി, യാഷിക തുടങ്ങിയ അന്താരാഷ്ട്ര നിലവാരമുള്ള കമ്പനികളുടെ ക്യാമറകൾക്കാണ് ആവശ്യക്കാർ കൂടുതൽ.

ചലച്ചിത്രനിർമ്മാണരംഗത്തും ഡിജിറ്റൽ ക്യാമറകൾ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തി. വർഷങ്ങൾക്കൊണ്ട് ചിത്രീകരണം പൂർത്തിയാക്കിയിരുന്ന സ്ഥാനത്ത് ഏതാനും മാസങ്ങൾ മതിയെന്നായിരിക്കുന്നു. അതുപോലെ ഫിലിമിന്റെ ഭീമമായ ചെലവ് കുറയ്ക്കാനും കഴിഞ്ഞു.ലൈറ്റിംഗ്, പശ്ചാത്തലം തുടങ്ങിയവയടക്കം ദൃശ്യങ്ങളുടെ ഗുണമേന്മ അപ്പോൾത്തന്നെ വിലയിരുത്താനും തിരുത്താനും കഴിയുന്നതുമൂലം വലിയ സാമ്പത്തികനഷ്ടമാണ് ഒഴിവാക്കാനാവുന്നത്.

# രണ്ടിടങ്ങഴി



ഡിലിയ ജെയിംസ്

എട്ടിൽതറയിൽ അന്നും പെണ്ണുകാണാൻ ആൾ വന്നിട്ടുണ്ട്.ആ മാസത്തിൽ അതു നാലാമത്തെ ആളാണ്. ഇപ്പോൾ വന്നിരിക്കുന്നതു നീലമ്പേരൂർക്കാരനാണത്രെ. ആദ്യം വന്നവൻ,പെണ്ണിന്റെ തന്ത ചോദിച്ചിടത്തോളം നെല്ലും പണവും കൊടുക്കാൻ തയ്യാറായിരുന്നു.പക്ഷെ പെണ്ണിനു ചെറുക്കനെ അത്ര പിടിച്ചില്ല.രണ്ടാമത്തെ കൂട്ടർ പൊയത് പെണ്ണിന്റെ തന്ത കീഴ് നടപ്പും നിയമവും വിട്ടു കൂടുതൽ നെല്ലും ചക്രവും ചോദിച്ചതിനാൽ ചെറുക്കന്റെ തന്തയുമായി വാക്കുതർക്കമുണ്ടായി.പിണങ്ങിപ്പിരിഞ്ഞ് ചെറുക്കന് എങ്ങും പെണ്ണു കിട്ടില്ലെങ്കിലും




ഈ പെണ്ണിനെ വേണ്ട എന്നു ചെറുക്കൻെറ തന്ത സത്യം ചെയ്തുപോലും അപ്പോൾ പെണ്ണിന്റെ തന്ത ഒരാട്ട് ആട്ടിപോലും മൂന്നാമത്തവൻ പോയത് പെണ്ണിന്റെ തന്ത ആവിശ്യപ്പെട്ടിടത്തോളം നെല്ലും ചക്രവും കൊടുക്കാൻ നിവർത്തിയില്ലാഞ്ഞ് തന്നെയാണ് ത. ഇപ്പോൾ നാലാമൻ വന്നിരിക്കുന്നു ചിരുത അതാണ് പെണ്ണിൻെറപേര് യ്ക്കുവേണ്ടി അങ്ങനെ കീടാത്തന്മാർ വരുന്നെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല . നല്ല പെണ്ണാണ്. ഒന്നാന്തരം വേലക്കാരി നല്ല ആരോഗ്യവും . പറിച്ചുനടാനാണെങ്കിലും പായലും തപ്പാനാണെങ്കിലും എന്നല്ല. പുഞ്ചപ്പാടത്തെ ഏതു ജോലിക്കും അവളെ ജയിക്കാൻ ഒരു കിടാത്തി ഇല്ല . എന്നുമല്ല അവളെ പോലെ കൊയ്യുന്ന ഒരു പെണ്ണാളില്ല . നല്ല പാടശേഖരത്തിൽ ഒരു നിരയിൽ രാവിലെ അരിവാളുമായി ഇറങ്ങിയാൽ വൈകിട്ട് കറ്റകുത്താൻ സമയത്തെ അവൾ നിവരുകയുള്ളൂ. ഇരുവശവും അങ്ങനെ ഒന്നാന്തരം കറ്റകൾ വരിയായി കിടക്കും .പാടത്തെ വേല മാത്രമല്ല വീട്ടുജോലിക്കും അവൾ അതി സമർത്ഥയാണ്. അവളെ ഒരുവന് കിട്ടിയാൽ ആ കുടുംബം പട്ടിണിയില്ലാതെ കഴിയും . മക്കൾക്കും ആൺ കിടാങ്ങൾക്കും ധാരാളം വന്നുതുടങ്ങിയപ്പോൾ അവൾ ഒരു വിലപിടിച്ചുള്ള ചരക്കാണെന്നു അവളുടെ തന്തക്കു തോന്നി.

*"( തകഴിയുടെ രണ്ടിടങ്ങഴിയിൽ നിന്നെടുത്തത് )"*

# ലയണൽ മെസ്സി



മാഹിൻ ബഷീർ

ഒരു അർജന്റീനിയൻ പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ് ലയണൽ ആൻഡ്രൂസ് മെസ്സി എന്നാണ് അദ്ദേഹത്തിന്റെ പേര്. (ജനനം 24,1987) അർജന്റീന ദേശീയ ടീം , സ്പാനിഷ് പ്രിമേറ ഡിവിഷൻ എഫ്. സി. ബാഴ്സലോണ എന്നീ ടീമുകൾക്കായാണ് ഇദ്ദേഹം കളിക്കുന്നത്. ഇദ്ദേഹം സ്പാനിഷ് പൗരത്യവുംനേടിയിട്ടുണ്ട്. തന്റെ തലമുറയിലെ ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിക്കുന്നു. മെസ്സി, 21 ആം വയസ്സിൽ യൂറോപ്യൻ ഫുട്ബോളർ ഓഫ് ദി ഇയർ, ഫിഫ ലോക ഫുട്ബോളർ ഓഫ് ദി ഇയർ എന്നീ പുരസ്കാരങ്ങൾക്കായി നാമനിർദേശം ചെയ്യപ്പെട്ടു. 22 ആം വയസ്സിൽ അദ്ദേഹം ആ രണ്ട് പുരസ്കാരങ്ങളും കരസ്ഥമാക്കുകയും ചെയ്തു. 2013 ജനുവരി 7 ന് ലഭിച്ച നാലാമത്തെ ബാലൺ ഡി ഓർ ബഹുമതിയോടെ, ഈ ബഹുമതി 5 തവണ നേടുന്ന ആദ്യ കളിക്കാരനായി. 2009, 2010, 2011, 2012, വർഷങ്ങളിലായി തുടരെ 4- ആം തവണയാണ് ഈ നേട്ടം. ഇദ്ദേഹത്തെ പലപ്പോഴും ഇതിഹാസതാരം ഡിയഗേ മറഡോണയുമായി സാമ്യപ്പെടുത്താറുണ്ട്. മറഡോണ തന്നെ മെസ്സിയെ തന്റെ "പിൻഗാമി" എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ഫോർവേഡായി കളിക്കുന്ന അദ്ദേഹം നിലവിൽ അർജന്റീന ദേശിയ ടീമിന്റെ ബാഴ്സലോണ ക്ലബിന്റെയും ക്യാപ്റ്റനാണ്. ചെറുപ്പത്തിൽ തന്നെ കളിക്കാൻ തുടങ്ങിയിരുന്നു. അദ്ദേഹത്തിന് ഉയരക്കുറവിന് ചികിത്സ നിർദ്ദേശിച്ചു.



അതിനാൽ റൊസാരിയോ എന്ന സ്ഥലത്തെ ക്ലബ്ബായ ന്യൂവെൽസ്റ്റ് ഓള്ഡ്ബോയ്സ് ടീമിൽ നിന്ന് അദ്ദേഹം വിട്ടുപോരുകയും കുടുംബത്തോടൊപ്പം

യൂറോപ്പിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. 2004 – 2005 സീസണിൽ അദ്ദേഹം ആദ്യ കളി കളിച്ചു. ആ മത്സരത്തിൽ തന്നെ ഗോൾ നേടി. അങ്ങനെ ക്ലബിനായി ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ കളിക്കാരൻ എന്ന റെക്കോർഡ് അദ്ദേഹം സ്വന്തമാക്കി. അദ്ദേഹത്തിന്റെ ആദ്യ സീസണിൽ തന്നെ ബാഴ്സലോണ ലാ ലിഗ കപ്പ് നേടി. 2006 – 2007 സീസണിലാണ് അദ്ദേഹം മികച്ച പ്രകടനം കാഴ്ച വച്ചത്. ക്ലാസിക് മത്സരത്തിൽ ഒരു ഹാട്രിക് നേടിയതടക്കം 26 മത്സരങ്ങളിൽ നിന്നായി 14 ഗോളുകൾ നേടി. 2008 – 2009 സീസണിൽ അദ്ദേഹം 38 ഗോളുകൾ നേടി. ആ സീസണിൽ ബാഴ്സലോണ മൂന്ന് കിരീടങ്ങൾ നേടിയപ്പോൾ ടീമിന്റെ പ്രധാന ആയുധം മെസ്സി ആയിരുന്നു. 2009- 2010 സീസണിൽ അദ്ദേഹം എല്ലാ മത്സരങ്ങളിലുമായി 47 ഗോളുകൾ നേടുകയും ബാഴ്സലോണയ്ക്കായി ഒരു സീസണിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടുകയെന്ന ബഹുമതി റൊണാൾഡോയോടൊപ്പം പങ്കിടുകയും ചെയ്തു.

# ആൽകെമിസ്റ്റ്




ആലിയ മുജീബ്


എല്ലാ സ്വപ്നങ്ങളും ഉദിക്കുന്നത് ചിന്തയിൽ ആണ് . ചിന്തയിൽ ഉദിച്ച ആശയങ്ങളും ആഗ്രഹങ്ങളും മനസ്സിലിട്ടു പാകപ്പെടുത്തണം . അങ്ങനെ പാകപ്പെട്ടു അത് ശക്തിയാർജിക്കും . പിന്നീട് അത് തീവ്രമാകും . അപ്പോളവൻ തന്റെ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള വഴി ആലോജിക്കും .അങ്ങനെ ആയിരിക്കെ ഒരു ദിവസം മുന്നോട്ടു പോകാനുള്ള വഴി അന്വേഷണ ത്തിനിടയിൽ ചിലപ്പോൾ ഒരു തീപ്പൊരി പോലെ മനസ്സിൽ തെളിഞ്ഞു കിട്ടും .നിങ്ങൾ ഒരു സുഹൃത്തും ആയി സംസാരിച്ചു കൊണ്ട് ഇരിക്കുമ്പോൾ ഒരു പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ , ഒരു പുസ്തകം വായിക്കുമ്പോൾ , എന്തിനു ഒരു സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ പോലും ആ സ്പാർക് ഉണ്ടാകാം . അല്ലെങ്കിൽ വഴി തെളിയിക്കാൻ ഒരു ഗുരുവിനെ കണ്ടെത്തും ; നീ എന്നിൽ നിന്റെ ഗുരുവിനെ കണ്ടെത്തിയതുപോലെ 'ഗുരുവോ ഈ വയസനോ ' . സാന്റിയാഗോ അങ്ങനെ ചോദിച്ചില്ലങ്കിലും വൃദ്ധൻ അത് വായിച്ചെടുത്തു . " ആരെയും അത്ര നിസ്സാരമായി കാണരുത് . നാം നിസ്സാരമായി കാണുന്ന വ്യക്തികളോ വസ്തുക്കളോ ആകാം നമ്മുടെ ജീവിതത്തിൽ വഴിത്തിരിവ് ഉണ്ടാക്കുക". വൃദ്ധൻ പറയുന്നതിൽ ചില സത്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്നു ഗുരുവോ ഈ വയസനോ ' . സാന്റിയാഗോ അങ്ങനെ ചോദിച്ചില്ലങ്കിലും വൃദ്ധൻ അത് വായിച്ചെടുത്തു . " ആരെയും അത്ര നിസ്സാരമായി കാണരുത് . നാം നിസ്സാരമായി കാണുന്ന വ്യക്തികളോ വസ്തുക്കളോ ആകാം നമ്മുടെ ജീവിതത്തിൽ വഴിത്തിരിവ് ഉണ്ടാക്കുക". വൃദ്ധൻ പറയുന്നതിൽ ചില സത്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്നു സാന്റിയാഗോയ്ക്ക് തോന്നി . എന്നാൽ തന്റെ ആട്ടിൻ പറ്റങ്ങളിൽ പത്തിൽ ഒരു അംശം നഷ്ടപ്പെടുത്തുന്നത് അവനു ചിന്തിക്കാൻ കഴിയുമായിരുന്നില്ല. "നീ എന്താണ് ആലോചിക്കുന്നത് എന്ന് എനിക്ക് മനസ്സിലായി . നല്ലതുപോലെ ചിന്തിച്ചു . ശേഷം മറുപടി പറഞ്ഞാൽ മതി . ഞാനുൾപ്പടെ പലരും പലതും പറയും . അതൊക്കെ സശ്രദ്ധം കേൾക്കുക . എന്നിട്ടു നിനക്ക് ശെരിയെന്നു തോന്നുന്നത് എന്താണോ അത് , അതിൽ നിനക്ക്

ഇണങ്ങുന്നതു എന്താണോ അത് സ്വീകരിക്കുക .എന്തായാലും ഞാനിപ്പോൾ പോവുകയാണ് . നിനക്ക് താല്പര്യമുണ്ടങ്കിൽ നാളെ ഇതേ സമയത്തു ഇവിടെ വരുക ." വൃദ്ധൻ നടന്നു മറഞ്ഞു. താൻ കണ്ട സ്വപ്നത്തെ കുറിച്ച് സാന്റിയാഗോ ചിന്തിച്ചു. താൻ കണ്ട സ്വപ്നം വൃദ്ധൻ എങ്ങനെ ഇത്ര കൃത്യമായി മനസ്സിലാക്കി ? ചിലപ്പോൾ ആ മന്ത്രവാദി തള്ളയുടെ ഭർത്താവു ആയിരിക്കും. അല്ലെങ്കിൽ കൂട്ടുകാരാണെങ്കിലും ആയിരിക്കും. ഏതാനും ദിവസങ്ങൾക്കു മുൻപ് മന്ത്രവാദിനിയെ കാണാൻ പോയ കാര്യം അവൻ ഓർത്തു . താൻ സ്വപ്നം കണ്ടു രണ്ടു ദിവസം കഴിഞ്ഞാണ് സ്വപ്നങ്ങൾ വിശകലനം ചെയ്തു അർഥം പറയുന്ന ഒരു മന്ത്രവാദിനി ഖരീഫ എന്ന സ്ഥലത്തു താമസിക്കുന്നതായി അവൻ അറിഞ്ഞത് മന്ത്രവാദിനിയെ അന്വേഷിച്ചു അവിടെ എത്തി . ഒരു പടുവൃദ്ധയായിരുന്നു മന്ത്രവാദിനി .അവനെ പൂജാമുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി . മന്ത്രവാദിനി നിലത്തു ചമ്രം പതിഞ്ഞു ഇരുന്നു . അവനോടും അവിടെ ഇരിക്കാൻ പറഞ്ഞു. വളരെ പ്രയാസപ്പെട്ടു സാന്റിയാഗോ അങ്ങനെ തന്നെ ഇരിന്നു. ' ചെറുപ്പക്കാരനായ തന്റെ ശരീരം വളയുന്നില്ല പടുവൃദ്ധയായ അവർക്കെങ്ങനെ കഴിയുന്നു'. അവൻ അത്ഭുതപ്പെട്ടു. അവർ അവന്റെ കരങ്ങൾ തന്റെ കരങ്ങളോട് ചേർത്ത് പിടിച്ചു ചില മന്ത്രങ്ങൾ ഉരുവിട്ടു .'നിങ്ങൾ എത്ര പ്രാവശ്യം സ്വപ്നം ആവർത്തിച്ചു കണ്ടു '.രണ്ടു ദിവസം '. അവൻ മറുപടി പറഞ്ഞു. സ്വപ്നങ്ങൾ ദൈവീകവുമുണ്ട്, പൈശാചികവുമുണ്ട് . ദൈവത്തിൽ നിന്നുള്ള സ്വപ്നം പാലിക്കും.' നീ എന്താണ് കണ്ടതെന്ന് പറയൂ '. മന്ത്രവാദിനി ആവശ്യപ്പെട്ടു. ഞാൻ ആടുകളെ മേച്ചു കൊണ്ട് താഴ്വാരത്തിൽ നിൽക്കുകയായിരുന്നു . എവിടെനിന്നോ ഒരു പെൺകുട്ടി ആടുകളുടെ ഇടയിലേക്ക് ഓടി കയറി . അവൾ ചില വികൃതികൾ ഒക്കെ കാട്ടിക്കൂട്ടി. പെട്ടെന്ന് അവൾ ഓടിവന്നു എന്നെ പൊക്കിയെടുത്തു പറന്നു......

***ആൽക്കെമിസ്റ്റ് എന്ന നോവലിലെ ഈ ഭാഗം ലക്ഷ്യങ്ങളിലേക്ക് പറക്കാൻ നമ്മെ ഉത്തേജിപ്പിക്കുന്നു.കഠിനാധ്വാനം ചെയ്ത് നമുക്ക് ഉയരങ്ങളിൽ എത്താം"***



# ആഗോള താപനം



പോൾ ജോബി

ഭൗമോപരിതലത്തിന് അടുത്തുള്ള വായുവിന്റെയും സമുദ്രങ്ങളുടെയും ശരാശരി താപനിലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായുള്ള വർദ്ധനവിനെയും ഈ വർദ്ധനവിന്റെ തുടർച്ചയെക്കുറിച്ചുള്ള ശാസ്ത്രീയ പ്രവചനങ്ങളെയുമാണ് ആഗോളതാപനം എന്നുപറയുന്നത്.

മനുഷ്യന്റെ പ്രവർത്തനങ്ങളാലും മറ്റുപ്രകൃത്യാലുള്ള



കാരണങ്ങളാലും മീഥേയ്ൻ , കാർബൺ ഡൈ ഓക്സൈഡ് തുടങ്ങിയ വാതകങ്ങളുടെ അന്തരീകഷത്തിലുള്ള അളവ് വർദ്ധിക്കുകയും സൂര്യനിൽ നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു.

# പീലിനിവർത്തി ആടുന്ന മയിലുകൾക്കു ഒരു കഥ പറയാനുണ്ട്.....



മേഘ സന്തോഷ്

ഒരു സമ്പന്നന്റെ ഏക പുത്രി ആയിരുന്നു മേഘ.സുന്ദരിയായ അവളെ അപ്പാനൻ വിവാഹം ചെയ്തു.വിവാഹ ശേഷം അവർ ഇരുവരും മറ്റൊരു വീട്ടിൽ താമസം ആക്കി . മേഘയ്ക്കു അവളുടെ അച്ഛൻ നൽകിയ സമ്മാനങ്ങളിൽ ഒന്ന് ഒരു മാജിക് സാരി




ആയിരുന്നു.പ്രത്യേക രീതിയിൽ നെയ്തു ഉണ്ടാക്കിയ അതിന്മേൽ ധാരാളം അലങ്കാരപ്പണികൾ നടത്തിയി രുന്നു. ഒരു സന്യാസി സമ്മാനിച്ച ആ മാന്ത്രിക സാരിക്ക് ഒരു പ്രത്യേക മാന്ത്രിക സിദ്ദിയും ഉണ്ടായിരുന്നു . ഒരു പ്രത്യേക മന്ത്രം ചൊല്ലിക്കൊണ്ട് മാത്രമേ ആ സാരിയിൽ തൊടുവാൻ പാടുള്ളൂ. അപ്രകാരം സ്പർ ശിച്ച്കഴിഞ്ഞാൽ അസാധ്യമായ കാര്യങ്ങൾ എളുപ്പത്തിൽ നടക്കും മേഘക്കു ആ മന്ത്രം അറിയാമായിരുന്നു .മന്ത്രം ഉച്ചരിക്കാതെ ആരെങ്കിലും അത് തൊട്ടു പോയാൽ ഉടൻ തന്നെ ആ ആൾ ഒരു പക്ഷിയായി രൂപാന്തരപ്പെടും സിൽക്ക് തുണി പക്ഷിയുടെ ചിറകും വാലുമായി മാറും ഒരു ദിവസം മേഘ സിൽക്ക് തുണി വെയിലത്ത് ഉണക്കാനിട്ടു .ഒരു കാരണ വശാലും അതിൽ തൊട്ടു പോകരുതെന്ന് അപ്പാനൻ പ്രത്യേക നിർദ്ദേശം നൽകി. അതിനു ശേഷം അടുത്തുള്ള പുഴയിലേക്ക് പോയി കുറച്ചു സമയം കഴിഞ്ഞപ്പോൾ ആകാശം ഇരുണ്ടു .ഇടിമിന്നലുണ്ടായി മഴ പെയ്യാനുള്ള ലക്ഷണങ്ങൾ അപ്പമാനം ഉറക്കെ വിളിച്ചു പറഞ്ഞു 'മേഘ ..മേഘ 'അവൾ ഓടി വന്നു മഴ പെയ്തു തുടങ്ങി അപ്പമാനം ഓടി ചെന്ന് സിൽക്ക് തുണി എടുത്തു അപ്പോഴേക്കും മേഘയും തുണി തൊട്ടു കഴിഞ്ഞിരുന്നു തിടുക്കം മൂലം അവളും മന്ത്രം ചൊല്ലാതെയാണ് തുണിയിൽ തൊട്ടതു അതോടെ അവർ സൗന്ദര്യമുള്ള രണ്ടു പക്ഷികളായി മാറി .

# ദിവ്യകാരുണ്യത്തിന്റെ പാപ്പാ



അമൃത വിനു


ദിവ്യകാരുണ്യത്തിന്റെ പാപ്പാ  എന്ന് അറിയപ്പെടുന്ന പരിശുദ്ധ 10 – ആം പീയൂസ് മാർപാപ്പ ആണെന്ന് കൂട്ടുകാർക്ക് അറിയാമോ ? ഏഴു വയസ്സിനു മുകളിൽ  ഉള്ള കുട്ടികൾ ദിവ്യകാരുണ്യത്തിൽ വസിക്കുന്ന നമ്മുടെ കർത്താവിനെ സ്വീകരിക്കുവാൻ



യോഗ്യരാണെന്ന് അദ്ദേഹം ഇറക്കിയ ഡിക്രിയാണ് ആ പദവിക്ക് അദ്ദേഹത്തെ യോഗ്യനാക്കിയതെന്നു പറയാം. 1835 ൽ ഇറ്റലിയിലെ വെനീസിനടുത്തുള്ള റീസ് എന്ന ഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിൽ ജിയോവാന്നി ബാറ്റിസ്റ്റ സാർത്തോയുടെയും മർഗരീത്ത സാംസൺ സാർത്തോയുടെയുംമകനായിട്ടാണ് ജിയൂസ് (ജോസഫ്) മെൽക്കിയോറ സാർത്തോ എന്ന 10 ആം പീയൂസ് ജനിച്ചത്. ജോസെഫിന്റെ ചെറുപ്പത്തിൽ തന്നെ അപ്പൻ മരിച്ചു പോയി. ഒൻപതു മക്കളുള്ള കുടുംബത്തെ തുന്നൽ പണി ചെയ്തും കൃഷിയിടത്തിലെ ഉൽപ്പന്നങ്ങൾ വിറ്റും ആണ് മർഗരീത്ത പുലർത്തിയത്. ചെറുപ്പത്തിലേ അമ്മയിൽ നിന്നും ഇടവക വികാരിയിൽ നിന്നും വിശ്വാസത്തിന്റെ കതിരുകൾ ജോസഫിന് പകർന്നു കിട്ടി. പാദുവായിലെ സെമിനാരിയിൽ ചേർന്ന് ജോസഫ് വി.അന്തോനീസിന്റെ അന്തോനീസിന്റെ പുണ്യങ്ങൾ അനുകരിച്ചു വളർന്നു. ദിവ്യകാരുണ്യ ഈശോയോടുള്ള വിശുദ്ധന്റെ ഭക്തിയും സ്നേഹവും ജോസഫ് മാതൃക ആക്കുകയും ജീവിതകാലം മുഴുവൻ അതിൽ ആഴപ്പെടുകയും ചെയ്തു. 1858 ൽ പ. കന്യകാമറിയം ലൂർദിൽ പ്രത്യക്ഷപ്പെട്ട കാലത്താണ് ഫാദർ. സാർത്തോ (ജോസഫ്) പൗരോഹിത്യം സ്വീകരിക്കുന്നത്. അദ്ദേഹം വൈകാതെ ട്രവിസോ

ത്രുപതയുടെ ചാൻസലറായി നിയമിക്കപ്പെട്ടു. തുടർന്ന് കാനൻ നിയമം പഠിക്കുകയും സെന്റ് .തോമസ് അക്വിനാസിന്റെ രചനകൾ പഠന വിഷയം ആക്കുകയും ചെയ്തു. കൂടുതൽ പടിന്തോറും വിശുദ്ധ കുർബാനയിൽ ആത്മ,ശരീര,രക്തങ്ങളോടെ ദിവ്യ സാന്നിധ്യമായ നമ്മുടെ കർത്താവിനോടുള്ള സ്നേഹത്തിലദ്ദേഹം അഭിരമിച്ചു. 1884 ൽ മോൺ. സാർത്തോ മാൻധുവായിലെ ബിഷപ്പ് ആയി തിരഞ്ഞെടുക്കപ്പെട്ടു. ബിഷപ്പ് ആയിരുന്നപ്പോളും ഒരു സാധാരണ ഇടവക വൈദികനെ പോലെ പെരുമാറുമായിരുന്നു. അദ്ദേഹം കാന്തത്തിലേക്ക് എന്ന പോലെ ആളുകളെ തന്നിലേക്ക് ആകർഷിച്ചു. 1903 ൽ ലെയോ 13 ആമൻ മാർപ്പാപ്പയുടെ മരണത്തെ തുടർന്ന് കർദിനാൾ ജിയൂസപ്പെ സാർത്തോ പത്രോസിന്റെ 257 ആമത് പിൻഗാമിയായി. പീയൂസ് എന്ന പേര് സ്വീകരിച്ച 10 ആം പീയൂസ് മാർപ്പാപ്പയായി. അദ്ദേഹത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ആദ്യത്തേത് വി. കുര്ബാനയെന്ന കൂദാശയുടെ ക്രിസ്തുവിനെ കൂടുതൽ സംലഭ്യമാക്കുക എന്നത് ആയിരുന്നു. മാർപ്പാപ്പയായി ഉയർത്തപ്പെട്ടു 11 വർഷങ്ങൾ കഴിഞ്ഞു ലോകം ഒട്ടാകെ സ്നേഹരാഹിത്യം വളർന്നു ഒന്നാം ലോക മഹാ യുദ്ധത്തിലേക്ക് നയിക്കപ്പെടുന്ന പശ്ചാത്തലത്തിൽ ഹൃദയം നുറുങ്ങിയാണ് 10 ആം പീയൂസ് മാർപാപ്പ 1914 ഓഗസ്റ്റ് 20 നു നിത്യ സമ്മാനത്തിനായി പറന്നു അകന്നത്. 1954 മെയ് 20 ആം തിയതി 12 ആം പീയൂസ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ദനായി പ്രഖ്യാപിച്ചു.സെപ്റ്റംബര് 3 ആണ് "ദിവ്യകാരുണ്യത്തിന്റെ പാപ്പാ " എന്ന് അറിയപ്പെടുന്ന വി. 10 ആം പീയൂസിന്റെ തിരുനാൾ.

https://en.wikipedia.org/wiki/Pope_Pius_X


അഫ്സൽ നൈനാൻ

# ചാച്ചാജിയും റോസാപൂവും

ഒരിക്കൽ ചാച്ചാജി തന്റെ താമസസ്ഥലത്തുനിന്നു പുറത്തേക്കിറങ്ങുകയായിരുന്നു. ആ സമയത്താണ് ഒരു ചുവന്ന റോസാ പൂവുമായി ഒരു സ്ത്രീ ഓടിയെത്തിയത്.സ്ത്രീ സന്തോഷപൂർവം അത് അദ്ദേഹത്തിന് നല്കാൻ ശ്രമിച്ചു. അപ്പോൾ കാവൽക്കാരൻ ആ സ്ത്രീയെ തടഞ്ഞു. കൊടുക്കാനൊന്നും നിൽക്കണ്ട "ആ പാവം സ്ത്രീ നിറഞ്ഞ കണ്ണുകളോടെ അവിടെ നിന്ന് നടന്നകന്നു. അവർക്ക് നൽകാൻ കഴിയുന്ന ഏറ്റവും വിലയേറിയ സമ്മാനം ആയിരുന്നു അത് .നൽകാൻ കഴിയാത്തതിനാൽ അവരുടെ മനസ് വല്ലാതെ നീറി .ചാചാജി ഈ സംഭവം അറിഞ്ഞതെയില്ല .പാവപെട്ടവളാണെങ്കിലും ആ സ്ത്രീ വല്ലാതെ വാശികാരിയായിരുന്നു .അവർ എന്നും ഒരു റോസാപൂവുംമായി ചാച്ചാജിയുടെ മുമ്പിൽ വന്ന കാത്ത് നിൽക്കാൻ തുടങ്ങി .

ദിവസങ്ങൾ പലതും കടന്നു പോയി .പക്ഷെ ചാച്ചാജിക്ക് റോസാപൂ സമ്മാനിക്കാനുള്ള ഒരവസരവും അവൾക്ക് കൈവന്നില്ല .എങ്കിലും നിരാശയാകാതെ ആ സ്ത്രീ നിത്യവും അവിടെ വന്നു കൊണ്ടിരുന്നു .ഒരിക്കൽ ഒട്ടും പ്രതീക്ഷിക്കാതെ ചാച്ചാജി ആ സ്ത്രീയെ കണ്ടു. അവരെ ആകട്ടേക്ക് കടത്തിവിടാൻ അദ്ദേഹം അംഗരക്ഷകൾക്ക് നിർദേശം നൽകി .നിറഞ്ഞ സ്നേഹട്ടോടും ആദരവോടും കൂടി അവർ ചാച്ചാജിക്ക് പൂവ് സമ്മാനിച്ചു

"ഇത് അങ്ങേക്ക് തരാൻ വളരെ ദിവസങ്ങളായി ഞാൻ ശ്രമിക്കുന്നു.പക്ഷെ ഇവർ എന്നെ കടത്തിവിട്ടില്ല ."-

അവർ അറിയിച്ചു
"ഓഹോ ,അങ്ങനെയാണോ ?"

ചാച്ചാജി വളരെ താല്പര്യപൂർവം റോസാപ്പൂ തന്റെ കുട്ടിന്റെ ബട്ടൺ ഹോളിൽ ഭംഗിയായി കുത്തിവച്ചു .അവരെ തന്റെ അടുത്തേക്ക് കടത്തി വിടാതിരുന്ന അംഗരക്ഷകനെ അദ്ദേഹം കണക്കിന് ശാസിക്കുകയും ചെയ്തു അന്ന് വൈകുന്നേരം ഔദ്യോഗിക കാര്യങ്ങളെല്ലാം കഴിഞ്ഞു വീട്ടിൽ തിരിച്ചെത്തിയപ്പോളും ചാച്ചാജിയുടെ കോട്ടിൻമേൽ ആ റോസാപ്പൂ അതേപടി ഉണ്ടായിരുന്നു.ഈ കാഴ്ച ചാച്ചജിയുടെ തോട്ടം സൂക്ഷിപ്പ്കാരൻ കാണാനിടയായി. റോസാപ്പൂ കുട്ടിൽ അണിയുന്നത് ചാച്ചാജിക്ക് ഇഷ്ടമാണെന്ന് അയാൾക്ക് മനസിലായി. പിറ്റേന്ന് മുതൽ ഓരോ റോസാപ്പൂ എത്തിച്ചു കൊടുക്കാൻ തുടങ്ങി. അങ്ങനെ ഈ പൂവ് ചൂടൽ അദ്ദേഹത്തിന്റെ ഒരു പതിവാവാൻ തുടങ്ങി.പിന്നെ മരണം വരെ അത് തുടർന്നു.എന്താ ,ചാച്ചാജിയുടെ റോസാപ്പൂവും മായുള്ള ബന്ധം ഇപ്പോൾ മനസിലായില്ലേ ?



# പഴഞ്ചൊല്ലുകൾ



കൃഷ്ണലാൽ മനോജ്

- ഉണ്ട ചോറ് മറക്കരുത്.
- ഉരുളുന്ന കല്ലിൽ പായൽ പിടിക്കില്ല.
- ഈനാമ്പേച്ചിക്ക് മരപ്പട്ടി കൂട്ട്.

- എല്ലു മുറിയെ പണിയെടുത്താൽ പല്ലു മുറിയെ തിന്നാം.
- ഐക്യമത്യം മഹാബലം.
- ഒരുമയുണ്ടെങ്കിൽ ഉലക്ക മേലും കിടക്കാം.
- ഓടുന്ന പട്ടിക്ക് ഒരു മുഴം മുൻപേ.
- കാര്യം കാണാൻ കഴുതക്കാലും പിടിക്കണം.
- കൊടുത്താൽ കൊല്ലത്തും കിട്ടും.
- കാക്ക കുളിച്ചാൽ കൊക്കാകുമോ?
- ചക്കിക്കൊത്ത ചങ്കരൻ.
- ചൊട്ടയിലെ ശീലം ചുടല വരെ.
- താൻ പാതി ദൈവം പാതി.
- കാക്കക്കൂട്ടിൽ കല്ലെറിയരുത്.
- ഒരു വെടിക്കു രണ്ടു പക്ഷി.
- എലിയെ പേടിച്ച് ഇല്ലം ചുടരുത്.
- ഉടുതുണിക്ക് മറുതുണിയില്ല.
- ഇരുന്നുണ്ണരുത്, കിടന്നുറങ്ങരുത്.
- ആധിതന്നെ വ്യാധി


- അല്പജ്ഞാനം ആപത്ത്.
- അത്യാഗ്രഹം ആപത്ത്.
- സ്നേഹമുള്ളിടത്തേ ശിക്ഷയുള്ളൂ.
- വിദ്യാധനം സർവ്വധനാൽ പ്രധാനം.
- സ്വന്തം കാര്യം സിന്ദാബാദ്.
- വിത്തുഗുണം പത്തുഗുണം.
- രക്ഷയുള്ളിടത്ത് ശിക്ഷയുമുണ്ട്.
- വടികൊടുത്തടിവാങ്ങരുത്.



# ദുൽഖർ സൽമാൻ


ആദിത്യൻ ഉല്ലാസ്

ഒരു മലയാളചലച്ചിത്ര അഭിനേതാവാണ് ദുൽഖർ സൽമാൻ. മലയാള ചലച്ചിത്രനടനായ മമ്മൂട്ടി മകനാണ് ഇദ്ദേഹം. 2012-ൽ പുറത്തിറങ്ങിയ സെക്കന്റ് ഷോ എന്ന ചിത്രത്തിലൂടെയാണ് ഇദ്ദേഹം അഭിനയ-രംഗത്ത് അരങ്ങേറ്റം കുറിച്ചത്. അഞ്ജലി മേനോന്റെ തിരക്കഥയിൽ അൻവർ റഷീദ് സംവിധാനം ചെയ്ത




ഉസ്താദ് ഹോട്ടൽ ആണ് ദുൽഖറിന്റെ രണ്ടാമത്തെ ചിത്രം.ചാർലി എന്ന ചിത്രത്തിലെ അഭിനയത്തിന് മികച്ച നടനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡ് ലഭിച്ചു. "വായ് മൂടി പേസലാം" ആണ് ദുൽഖർ അഭിനയിച്ച ആദ്യ തമിഴ് സിനിമ. നസ്രിയ നാസിം നായികയായ ഈ സിനിമ മലയാളത്തിലേക്ക് "സംസാരം ആരോഗ്യത്തിനു ഹാനികരം "എന്ന പേരിലേക്ക് മൊഴിമാറ്റം ചെയ്തു. ദുൽഖർ സൽമാന് തമിഴിൽ ഒട്ടേറെ ആരാധകരെ നേടിക്കൊടുത്ത ചിത്രമാണ് മണിരത്നം സംവിധാനം ചെയ്ത "ഓക്കേ കണ്മണി". നിത്യാമേനോൻ ആയിരുന്നു ഈ ചിത്രത്തിലെ നായിക. തെന്നിന്ത്യൻ നടിയായിരുന്ന സാവിത്രിയുടെ ജീവിതം ആസ്പദമാക്കിയൊരുക്കിയ "മഹാനടി"(2018)യിലൂടെ ദുൽഖർ തെലുങ്ക് സിനിമയിൽ അരങ്ങേറ്റം കുറിച്ചു. ജെമിനി ഗണേശനായാണ് മഹാനടിയിൽ അദ്ദേഹം അഭിനയിച്ചത്.

# ഇടുക്കി ഡാം



മീനാക്ഷി ജിൻസൺ

ഇടുക്കി ജില്ലയിൽ പെരിയാർ നദിക്കു കുറുകെ നിർമിച്ചിട്ടുള്ള അണക്കെട്ടാണ് ഇടുക്കി അണക്കെട്ട് .ഇന്ത്യയിലെ ആദ്യ കോൺക്രീറ്റ് കമാന  അണക്കെട്ടാണ് ഇടുക്കിയിലേത് .1969 ഏപ്രിൽ 30 ന് ആണ് ഇടുക്കി ഡാമിന്റെ നിർമാണം ആരംഭിച്ചത് മലങ്കര എസ്റ്റേറ്റ് സൂപ്രണ്ട് ആയിരുന്ന ഡബ്ള്യു ജെ .ജോൺ ആണ് പദ്ധതിയുടെ ആദ്യ രൂപം തയ്യാറാക്കിയത് .കുറവൻ മലയും കുറത്തി മലയും ഇടയിലൂടെ ഒഴുകുന്ന പെരിയാറിനെ അണകെട്ടി നിർത്തിയാണ് ഇടുക്കി ഡാം  സാക്ഷാത്കരിക്കപ്പെട്ടതു അണക്കെട്ടിന്റെ നടുഭാഗം ഇരു കരകളേക്കാൾ ജലാശയത്തിലേക് തള്ളി നിൽക്കുന്നു .168.9 മീറ്ററാണ് ഉയരം .മുകളിൽ 365.85 മീറ്റർ നീളവും 7.62 മീറ്റർ വീതിയുമുണ്ട് .അടിയിലെ വീതി 19.81 മീറ്ററാണ് .ഏഷ്യയിലെ ആദ്യത്തെ കാമന അണക്കെട്ടാണ് ഇത് .കാനഡ സർക്കാരിന്റെ സഹായത്തോടെ ആണ് പദ്ധതിപൂർത്തീകരിക്കപ്പെട്ടത് .ഇടുക്കി അണക്കെട്ടിൽ നിന്നും ജലം ഉപയോഗിച്ചാണ് കേരളത്തിലെ ഏറ്റവും വലിയ ഭൂഗർഭജലം വൈധ്യുതി നിലയമായ മൂലമറ്റത്ത് വൈധ്യുതിഉത്പാദിപ്പിക്കുന്നത്. 1937 ൽ ഇറ്റലിക്കാരായ അഞ്ജമോ ഒമേടെയോ, ക്ളാന്തയോ മാസലെ എന്ന എൻജിനീയർമാർ അണക്കെട്ട് പണിയുന്നതിന് അനുകൂലമായി പഠന റിപ്പോർട്ട് സമർപ്പിച്ചെങ്കിലും സർക്കാർ തയ്യാറായില്ല. പെരിയാറിനെയും ചെറുതോണിയെയും ബന്ധിപ്പിച്ച് അണക്കെട്ടി നിർമ്മിക്കാൻ വിവിധ  പഠനറിപ്പോർട്ടുകളിൽ ശുപാർശയുണ്ടായി. 1961 ൽ ആണ് അണക്കെട്ടിനായി രൂപകൽപന തയാറാക്കിയത്. 1963  ൽ പദ്ധതിക്കു കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരം കിട്ടി. അണക്കെട്ടു കുറവൻ മലയെയും കുറത്തി മലയെയും ബന്ധിപ്പിക്കുന്നു.ഇതുമൂലം പെരിയാറിൽ സംഭരിക്കുന്ന വെള്ളം ചെറുതോണി പുഴയിലൂടെ ഒഴുകി പോകാതിരിക്കാൻ ചെറുതോണിയിലും അതിനടുത്തുള്ള കിളിവള്ളികിളിവള്ളി തോട്ടിലൂടെ വെള്ളം നഷ്ടപ്പെടാതിരിക്കാൻ കുളമാവിലും അണക്കെട്ടുകൾ നിർമിച്ചു.  തോട്ടിലൂടെ വെള്ളം നഷ്ടപ്പെടാതിരിക്കാൻ കുളമാവിലും അണക്കെട്ടുകൾ നിർമിച്ചു.  ഐ

എസ് 456 – 2000 അനുസരിച്ചുള്ള എം – 40 കോൺക്രീറ്റ് മിശ്രിതമാണ് ഇടുക്കി ആർച്ച് ഡാം നിർമാണത്തിന് ഉപയോഗിച്ചിരിക്കുന്നത്. കോൺക്രീറ്റ് മിശ്രിതം തയാർ ആക്കുമ്പോഴത്തെ താപനില കുറയ്ക്കുന്നതിനായി ഐസ് ഉപയോഗിച്ചിരുന്നു. രാജ്യത്തെ ഏറ്റവും ശക്തമായ അണക്കെട്ടുകളിൽ ഒന്നായ ഇടുക്കി അണക്കെട്ട് ഭൂകമ്പത്തെ പ്രതിരോധിക്കത്തക്കവിധത്തിൽ പ്രത്യേക ഡിസൈനോടെയാണ് പണി കഴിപ്പിച്ചിട്ടുള്ളത്.




# ഇന്റർനെറ്റ്



ആദിത്യൻ വി എസ്

ലോകത്തിലെ നാൽപത് ശതമാനത്തോളം ആളുകൾ ഇന്ന് ഇന്റർനെറ്റിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇന്റർനെറ്റ് അഥവാ ഇന്റർനാഷണൽ നെറ്റ് വർക്ക്, കണ്ണികളിൽ നിന്നും കണ്ണികളിലേക്ക് പടർന്നുകിടക്കുന്ന ഒരു നെറ്റ്നർക്ക് ശൃംഖലയാണ്. തപാൽവകുപ്പിനെ ആശ്രയിക്കാതെ, കത്തുകളും ആശംസാകാർഡുകളും ഇ-മെയിലിലൂടെ അയച്ചാൽ നിമിഷങ്ങൾ കൊണ്ട് യഥാസ്ഥാനത്ത് എത്തുന്നത് ബിസിനസ്സിന്റെ വളർച്ചയെ വൻതോതിൽ സഹായിക്കുന്നുണ്ട്. ഇനി ഇന്റർനെറ്റിന്റെ ചരിത്രം പരിശോധിക്കാം.

അമേരിക്കൻ പ്രതിരോധവകുപ്പിന്റെ "അഡ്വാൻസ്ഡ് റിസർച്ച് പ്രൊജക്ട്സ് ഏജൻസി"യാണ് ഇത്തരമൊരു സംവിധാനത്തെപ്പറ്റി ആദ്യമായി ഗവേഷണങ്ങൾ നടത്തിയിരുന്നത്. ഈ ഗ്രൂപ്പിലുണ്ടായിരുന്ന പോൾബാരൺ എന്ന വിദഗ് ദ്ധ "പാക്കറ്റ് സ്വിച്ചിങ്" എന്നൊരു സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു.



അനവധി കമ്പ്യൂട്ടറുകൾ ഒരു ശ്രേണിയിൽ ഘടിപ്പിച്ച് വർക്ക ചെയ്യിക്കാമായിരുന്നു. അതിൽ ചിലത് ഓഫായിപ്പോയാലും മറ്റ് കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുമായിരുന്നു. "അർഹ നെറ്റ്"എന്ന പേരിട്ട ഈ രീതി 1969-ൽ ആണ് ആരംഭിച്ചത്.

ഹാവായ് സർവകലാശാലയിലെ വിദ്യാർത്ഥികൾ 1971-ൽ ആരംഭിച്ച "അലോഹ് നെറ്റ്" എന്ന നെറ്റ് വർക്കിംഗ് ഗ്രൂപ്പിന്റെ തലവനായി 1972-ൽ "വിന്റ് സെർഫ്" എന്ന അമേരിക്കക്കാരൻ നിയമിതനായി. ഈ രംഗത്ത് വിപ്ലവകരമായ

മാറ്റങ്ങൾ വരുത്തിയ അദ്ദേഹം ഇന്റർനെറ്റിന്റെ പിതാവെന്ന് അറിയപ്പെടുന്നു. 1974-ൽ "യൂസ്നെറ്റ്" എന്ന പുതിയൊരു കമ്പ്യൂട്ടർ ശൃംഖല കൂടി ഉണ്ടായതോടെ കമ്പ്യൂട്ടറുകൾ തമ്മിലുള്ള ആശയവിനിമയത്തിന് ഒരു പൊതുഭാഷ ആവശ്യമായി വന്നു. തുടർന്ന് രൂപംകൊണ്ട "ഇന്റർനെറ്റ് പ്രോട്ടോകോൾ" (ടി.സി.പി അഥവാ എ.പി) പ്രകാരം ലോകത്തുള്ള പല കമ്പ്യൂട്ടർ ശൃംഖലകളും കൂടി ഒന്നിച്ചു ചേർന്നു. 1992-ൽ "ഇന്റർനെറ്റ് സൊസൈറ്റി" നിയമപരമായി രൂപംകൊണ്ടു.1995-ൽ ഇന്റർനെറ്റ് കമ്പ്യൂട്ടർ ഭാഷയായ "ജാവ" കണ്ടുപിടിക്കപ്പെട്ടതോടെ അതിരുകളില്ലാത്ത ഒരു വൻശൃഖലയായി ഇന്റർനെറ്റ് മാറി.

ഗ്രാമങ്ങളിൽ പോലും ഇന്ന് ബ്രൗസിങ് സെന്ററുകൾ സർവസാധാരണമായിക്കഴിഞ്ഞു. കോടിക്കണക്കിനു വെബ്സൈറ്റുകൾ നമുക്കാവശ്യമായ എല്ലാ വിവരങ്ങളും ചിത്രങ്ങളും അടങ്ങിയ അക്ഷയഖനിയുമായി നമ്മെ കാത്തിരിക്കുന്നു. "ഗൂഗിൾ" പോലെയുള്ള സൈറ്റുകളിൽ നിന്ന് നമുക്കാവശ്യ മായ വിവരങ്ങളടങ്ങിയ വെബ്സൈറ്റുകളുടെ അഡ്രസ്സോ ചിത്രങ്ങളോ ലഭിക്കും. നമുക്ക് ആവശ്യമായ പ്രോജക്ട് ചിത്രങ്ങൾ, തുടങ്ങിയവ കമ്പ്യൂട്ടറിന്റെ സഹായത്തോടെ "ഡൗൺ ലോഡ്" ചെയ്യാവുന്നതാണ്.

ഒരു പേഴ്സണൽ കമ്പ്യൂട്ടർ, മോഡം, ടെലിഫോൺ കണക്ഷൻ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയും ബ്രൗസർസോഫ്റ്റവെയർ, ഈ-മെയിൽ സോഫ്റ്റവെയർ എന്നീ സോഫ്റ്റവെയറുകളും ഉണ്ടെങ്കിൽ വലിയ കമ്പ്യൂട്ടർ പരിജ്ഞാനമില്ലാതെ തന്നെ ആർക്കും ഒരു ഇന്റർനെറ്റ് ഉപഭോക്താവാകാം. ഇന്റർനെറ്റിൽ നിന്നും ആവശ്യമായ പേജുകൾ പ്രിന്റ് ചെയ്ത് എടുക്കാൻ സാധിക്കും. "വെബ് ക്യാമറ" യുടെ ഉപയോഗത്തിലൂടെ ദൂരദേശങ്ങളിലുള്ള ആളുകളുമായി നേരിൽക്കണ്ടു സംസാരിക്കാവുന്നതാണ്. "യാഹൂ മെസഞ്ചർ" എന്ന സോഫ്റ്റ് വെയറാണ് സാധാരണയായി ഇതിന് ഉപയോഗിക്കുന്നത് .

# സച്ചിൻ തെൻഡുൽക്കർ



ജോൺ ജോബി

ലോകം കണ്ട ഏറ്റവും മികച്ച ക്രിക്കറ്റ് കളിക്കാരിൽ ഒരാളാണ് മുംബൈ സ്വദേശിയായ സച്ചിൻ രമേഷ് തെൻഡുൽക്കർ. ടെസ്റ്റ് ക്രിക്കറ്റിലും, ഏകദിന ക്രിക്കറ്റിലുമായി നിരവധി റെക്കോർഡുകൾ സച്ചിന്റെ പേരിലുണ്ട് മാസ്റ്റർ ബ്ലാസ്റ്റർ എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന സച്ചിൽ, ഇന്ത്യയിലെ ഏറ്റവും വലിയ കായിക ബഹുമതിയായ രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡ് നേടിയ ആദ്യ ക്രിക്കറ്ററാണ്.രണ്ടാമത്തെ വലിയ സിവിലിയൻ ബഹുമതിയായ പത്മ വിഭൂഷൺ നേടിയ ആദ്യ കായികതാരം എന്ന ബഹുമതി വിശ്വനാഥൻ ആനന്ദിനൊപ്പം 2008-ൽ സച്ചിൻ നേടി. നിലവിൽ ഇന്ത്യൻ പാർലമന്റിൽ രാജ്യസഭാംഗമാണ് സച്ചിൻ.

2012 ഡിസംബറിൽ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ നിന്നും, 2013 നവംബറിൽ രാജ്യാന്തര ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും വിരമിച്ചു. ഭാരത രത്ന ലഭിക്കുന്ന ആദ്യ കായിക താരവും ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും സച്ചിനാണ്.



# പാരിന്റെ നന്മയ്ക്കത്രേ



ആദിത്യൻ ബാനർജി

ഞാൻ നിങ്ങള്ക്കൊരു മാന്ത്രിക സൂക്തം തരാം.
നിങ്ങള്സംശയഗ്രസ്ഥരാകുമ്പോഴോ അഹന്ത
നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ
ഉപായം പരീക്ഷിച്ചു നോക്കിയാൽ മതി
നിങ്ങൾ  കണ്ടിട്ടുള്ളതിൽ ഏറ്റവും
ദാരിദ്രനായ,നിസ്സഹായനായ മനുഷ്യൻെറ
മുഖം സങ്കൽപ്പിച്ചുനോക്കുക.
എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദശിക്കുന്ന
കാര്യം അയാൾക്ക് ഏതെങ്കിലും
രീതിയിൽ പ്രയോജനപ്പെടുമോ
എന്ന് സ്വയം ചോദിച്ചുനോക്കുക.
അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും
നേട്ടമുണ്ടാകുമോ? അതയാൾക്കു സുഖം നൽകുമോ?

# ക്യാമറ


അനാമിക എം മണി

നൂറ്റാണ്ടുകളുടെ പരിണാമത്തിലൂടെ ഉരുത്തിരിഞ്ഞതാണ് ക്യാമറയും ഫോട്ടോ ഗ്രാഫിയും നാം ഇന്നുകാണുന്ന ഡിജിറ്റൽ യുഗത്തിൽ എത്തി നിൽക്കുന്നത്. 1822-ൽ ആണ് ഇപ്പോൾ ഉപയോഗിക്കുന്ന ക്യാമറയുടെ പൂർവികൻ ജന്മമെടുത്തത്. ഫ്രഞ്ചുകാരനായ "ജോസഫ് നൈസ് ഫോർ തീപ്സെ" യാണ് ഈ മഹത്തായ കണ്ടുപിടിത്തം നടത്തിയത്. ക്യാമറയുടെ മുൻഗാമിയായ "ക്യാമറ ഒബ്സ്കുറ" എന്ന ഉപകരണം അക്കാലത്തെ ചിത്രകാരൻമാർ ഉപയോഗിച്ചിരുന്നു. ഇരുട്ട് നിറഞ്ഞ ഒരു മുറിയിലേക്ക് ചെറിയൊരു ദ്വാരത്തിലൂടെ കടന്നുവരുന്ന വെളിച്ചം പുറത്തുള്ള ചിത്രങ്ങളുടെ തലകീഴായ പ്രതിബിംബം എതിർഭാഗത്തുള്ള പ്രതലത്തിൽ വീഴ്ത്തുമെന്ന തത്വമാണ് ഈ ഉപകരണത്തിൽ ഉപയോഗിച്ചിരുന്നത്.

"ക്യാമറ ഒബ്സ്കുറ" തത്വം ഉപയോഗിച്ച് അദ്ദേഹം "ഹീലിയോഗ്രാഫ്" എന്നൊരു ഉപകരണം നിർമ്മിച്ചു. ആദ്യഘട്ടത്തിൽ പരീക്ഷണങ്ങൾ വിജയകരമായിരുന്നില്ല. 1822-ൽ "ഹീലിയോഗ്രാഫ്" ഉപയോഗിച്ച് അദ്ദേഹം ആദ്യചിത്രം എടുത്തു. ഏറെക്കാലം രഹസ്യമായി സൂക്ഷിച്ച ഈ കണ്ടുപിടുത്തത്തിൻറെ ഫോർമുല പിന്നീട് അദ്ദേഹം സുഹൃത്തായ ചിത്രകാരൻ ലൂയിസ് "ജാക്വിസ് മാൻ ഡഗീരി" ക്ക് കൈമാറി. ഹീലിയോഗ്രാഫ് ഉപയോഗിച്ച് എടുക്കുന്ന ചിത്രങ്ങൾ എക്സ്പോസ് ചെയ്യാൻ വലിയ സമയം വേണ്ടി വന്നു. ഡഗീരി സമയം കുറച്ച് 20 മിനിറ്റാക്കി.

1837-ൽ ഡഗീരി "ഡഗീരിയോടൈപ്പ്" എന്ന ക്യാമറ ഉണ്ടാക്കി. 19, 20 നൂറ്റാണ്ടുകളിൽ വിപ്ലകരമായ പല മാറ്റങ്ങളും നടന്നു. ക്യാമറയിൽ ഉപയോഗിക്കാനുള്ള ഫിലിം, ലെൻസുകൾ തുടങ്ങിയവ ഇക്കാലത്ത് കണ്ടുപിടി - ക്കപ്പെട്ടു.

# സൂചിമുഖിയുടെ മരണം



ദേവപ്രിയ ഷൺമുഖൻ

വളരെ തണുപ്പുള്ള ഒരു ദിവസം കുരങ്ങന്മാരിൽ ഒരുവൻ എവിടെനിന്നോ കുറച്ച് മിന്നാമിനുങ്ങുകളെ കൊണ്ടുവന്നു. മറ്റുള്ളവർ കുറേ വിറക് സംഘടിപ്പിച്ചു. മരത്തിനു കീഴെ വിറക് കൂട്ടി അതിനുള്ളിൽ മിന്നാമിനുങ്ങിനെ ഇട്ടശേഷം എല്ലാവരും ചുറ്റുംകൂടിയിരുന്ന് ഊതാൻ തുടങ്ങി. മിന്നാമിനു ങ്ങിൽ നിന്നും തീ വരുമെന്നാണ് അവർ കരുതിയിരുന്നത്.ഇതെല്ലാം കണ്ടുകൊണ്ട് അടുത്ത മരക്കൊമ്പിൽ ഇരുന്ന



സൂചിമുഖി പക്ഷി പറഞ്ഞു "എടാ മഠയന്മാരെ , നിങ്ങൾ എന്താണ് ഈ കാണിക്കുന്നത്. അത് മിന്നാമിനു ങ്ങുകളാണ്. അതിൽ നിന്നും തീയുണ്ടാവില്ല". ഈ തീയൂതി വിഷമിച്ചിരുന്ന കുരങ്ങൻമാരിൽ ഒരുവൻ വിളിച്ച പറഞ്ഞു "എടാ നീ ഞങ്ങളുടെ കാര്യത്തിൽ ഇടപെടേണ്ട അവിടെങ്ങാനും മിണ്ടാതിരുന്നാൽ മതി". സൂചിമുഖി പറഞ്ഞതു കേൾക്കാതെ അവർ വീണ്ടും ഊതാൻ തുടങ്ങിയിരുന്നു. എത്ര ഊതിയിട്ടും തീ വരാതെ നിരാശനായിരിക്കുന്ന കുരങ്ങൻമാരോട് സൂചിമുഖി പറഞ്ഞു "എടാ കുരങ്ങൻമാരെ നിനക്കൊക്കെ നിർത്താറായില്ലേ. നിങ്ങൾ എത്ര ഊതിയാലും അത് കത്താൻ പോണില്ല." കുരങ്ങൻമാർക്ക് ദേഷ്യം ഇരച്ചുകയറി. കുപിതനായ കുട്ടിക്കുരങ്ങൻമാർ ഒറ്റച്ചാട്ടത്തിന് സൂചിമുഖിയുടെ കഴുത്തിന് പിടിച്ച ഞെരിച്ചു. ശ്വാസം പോലും കിട്ടാതെ അവൾ പിടഞ്ഞു മരിച്ചു. സൂചിമുഖിയുടെ ദാരുണമായ അന്ത്യത്തിൽ നിന്നും നമുക്ക് ഒരു കാര്യം മനസ്സിലാക്കാം.*സ്വയം ബുദ്ധിമാനെന്ന് വിചാരിച്ച് നടക്കുന്നവനേയും യാതൊരു പ്രയോജനവും ഇല്ലാത്ത പ്രവർ ത്തിചെയ്യുന്നവ നേയും നിരാശ ബാധിച്ചിരിക്കു ന്നവരെയും ഉപദേശിക്കാൻ മെനക്കെടരുത്." അത് ആപത്ത് വിളിച്ചുവരുത്തുന്നതിന് തുല്യമാണ് .*

# മണ്ണ് ജീവന്റെ തുടിപ്പ്



തീർത്ഥ പ്രസാദ്

ജീവന്റെ ആധാരമാണ് മണ്ണുകൾ. സസ്യങ്ങളും,അത് വഴി മറ്റെല്ലാ ജീവജാലങ്ങളും നിലനിൽക്കുന്നത് തന്നെ മണ്ണിനെ ആശ്രയിച്ച് ആണെന്ന് കൂട്ടുകാർക്കു അറിയാമല്ലോ.ഭൂമിയുടെ നിലനിൽപ്പിനു മണ്ണിന്റെ സംരക്ഷണം കൂടിയേ തീരൂ.. മണ്ണാണ് ജീവന്റെ തുടിപ്പ്

ജീവന്റെ ആധാരമാണ് മണ്ണുകൾ .സസ്യങ്ങളും,അത് വഴി മറ്റെല്ലാ ജീവജാലങ്ങളും നിലനിൽക്കുന്നത് തന്നെ മണ്ണിനെ ആശ്രയിച്ച് ആണെന്ന് കൂട്ടുകാർക്കു അറിയാമല്ലോ.ഭൂമിയുടെ നിലനിൽപ്പിനു മണ്ണിന്റെ സംരക്ഷണം കൂടിയേ തീരൂ..മണ്ണൊലിപ്പും ഉരുൾ പൊട്ടലും ഒക്കെ മനുഷ്യ രാശിയെ എങ്ങനെ യാണ് ബാധിക്കുന്നതു എന്ന് കുറച്ചു മാസങ്ങൾക്കു മുമ്പ് വയനാട്ടിൽ നമ്മൾ ഒക്കെ കണ്ടതും ആണല്ലോ മണ്ണിന്റെ ഘടന എന്താണെന്നു കൂട്ടുകാർക്കു അറിയാമോ?മണ്ണിൽ പ്രധാനമായും ജൈവ വസ്തുക്കൾ ,മിനറലുകൾ ,ജലം ,വായു ,സൂക്ഷ്മ ജീവികൾ ഇവയാണ് ഉള്ളത്.നാല് ധർമങ്ങളാണു ഏറ്റവും പ്രധാനമായി മണ്ണ് നിര്വഹിക്കുന്നതു .സസ്യങ്ങൾക്ക് വളരാനുള്ള പോഷകങ്ങളും മാധ്യമമായും പ്രവർത്തിക്കുക,വീടുനിര്മാണത്തിനു ആവശ്യമായ പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായി ഉപയോഗിക്കുക .കൂടാതെ,കളിമണ്ണ് ഉപയോഗിച്ച് പാത്രങ്ങൾ ഉണ്ടാക്കുകയും സൗന്ദര്യ വസ്തുക്കൾ ഉണ്ടാക്കുകയും ചെയ്യുന്നു



മണ്ണിന്റെ ഘടന എന്താണെന്നു കൂട്ടുകാർക്കു അറിയാമോ?മണ്ണിൽ പ്രധാനമായും ജൈവ വസ്തുക്കൾ ,മിനറലുകൾ ,ജലം ,വായു ,സൂക്ഷ്മ ജീവികൾ ഇവയാണ് ഉള്ളത്.നാല് ധർമങ്ങളാണു ഏറ്റവും പ്രധാനമായി മണ്ണ് നിര്വഹിക്കുന്നതു .സസ്യങ്ങൾക്ക് വളരാനുള്ള പോഷകങ്ങളും മാധ്യമമായും ഉരുൾ പൊട്ടലും ഒക്കെ

മനുഷ്യ രാശിയെ എങ്ങനെ യാണ് ബാധിക്കുന്നതു എന്ന് കുറച്ചു മാസങ്ങൾക്കു മുമ്പ് വയനാട്ടിൽ നമ്മൾ ഒക്കെ കണ്ടതും ആണല്ലോ മണ്ണിന്റെ ഘടന എന്താണെന്നു കുട്ടുകാർക്കു അറിയാമോ?മണ്ണിൽ പ്രധാനമായും ജൈവ വസ്തുക്കൾ ,മിനറലുകൾ ,ജലം ,വായു ,സൂക്ഷ്മ ജീവികൾ ഇവയാണ് ഉള്ളത്.നാല് ധർമങ്ങളാണു ഏറ്റവും പ്രധാനമായി മണ്ണ് നിര്വഹിക്കുന്നതു .സസ്യങ്ങൾക്ക് വളരാനുള്ള പോഷകങ്ങളും മാധ്യമമായും പ്രവര്ത്തിക്കുക വീട് നിർമാണത്തിന് ആവശ്യമായ പ്രഖ്ധാനപെട്ട അസംസ്കൃത വസ്തു ആയി ഉപയോഗിക്കുക .കളിമണ്ണ് ഉഴെികിച് ആത്രങ്ങൾ ഉണ്ടാക്കുകയും സൗന്ദര്യ വസ്തുക്കൾ ഉണ്ടാക്കുകയും ചെയ്യുതിന്നു നമ്മുടെ സംസ്ഥാനത്തു പല തരത്തിലുള്ള മണ്ണുകൾ ഉണ്ട് .അലൂവിയാൽ മണ്ണ്, ലാറ്ററേറ്റ് മണ്ണ് ,ചുവന്ന മണ്ണ് തുടങ്ങിയവ ആണ് അതിൽ പ്രധാനപ്പെട്ടവ .പല ഇനം കൃഷിയ്ക്ക് ആവിളവിനു യോജിച്ച മണ്ണാണ് ഉത്തമം നെല്ല് കൃഷിക്ക് ഏറ്റവും ഉത്തമമായത് അല്യൂവിൽ മണ്ണാകുന്നു അതിൽ പൊട്ടാസ്യം അടങ്ങിയിട്ടുണ്ട് ചുമന്ന മണ്ണ് കടല കപ്പലണ്ടി തുടങ്ങിയ കൃഷിക്ക് ഏറെ ഉത്തമമാണ് അതിൽ ഇരുമ്പിന്റെ അംശമുണ്ട് രക്ഷിതാക്കൾക്ക് ഇന്നത്തെ കുട്ടിക്കർ മണ്ണിൽ ഇറക്കാനോ കളിക്കണോ വിടാൻ മടിയാണ് .അങ്ങനെ മണ്ണിനെയും പ്രകൃതിയെയും അറിഞ്ഞു വളരട്ടെ ഇനിയുള്ള തലമുറകൾ .കുട്ടികൾ മണ്ണിൽ കളിച്ചു തന്നെ വളരണം .........




# ഗാന്ധിജി



ജെസിം നൗഷാദ്

മോഹൻദാസ് കരംചന്ദ് ഗാന്ധി അഥവാ മഹാത്മാ ഗാന്ധി (1869 ഒക്ടോബർ 2 – 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്രപിതാവ്" എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയസത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ, അച്ഛൻ എന്നർത്ഥംവരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം




വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.

ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ചു പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.

# ചാർലി ചാപ്ലിൻ



അയോണ റോസ് ബെന്നി

1897 ലെ ഒരു ദിവസം ചാര്ലിയെ പിതാവിനെ അവിചാരിതമായി വഴിയിൽ കണ്ടു മുട്ടി. പിതാവിൽ നിന്നകന്നു അമ്മയുടെ കൂടെ ആണല്ലോ ഇപ്പോൾ അവൻ താമസിക്കുന്നത്. വീടുകൾ അടുത്താണെങ്കിലും അപൂർവമായി പോലും അവർ പരസ്പരം കാണാറില്ലായിരുന്നു, "ഞാൻ നിനക്കൊരു ജോലി കണ്ടു വച്ചിട്ടുണ്ട്. എന്താ പോരുന്നോ?അച്ഛൻ ചോദിച്ചു.
 നിന്റെ ചെലവ് കഴിയും അമ്മയ്ക്ക് വല്ലതുംകൊടുക്കുകയും ചെയ്യാം. സമ്മതം ആണെങ്കിൽ ഉടനെ പറയണം"ചാർലി അപ്പോൾ ഒന്നും പറഞ്ഞില്ല. അച്ഛൻ പോയിക്കഴിഞ്ഞപ്പോൾ അവൻ ആലോചിച്ചു.പഠിപ്പു തുടരണം എന്ന് തോന്നി. പക്ഷെ, പട്ടിണി കിടന്നു പടിക്കുന്നതെങ്ങനെ. ഇപ്പോൾ അത്യാവശ്യം ഒരു ജീവിതവൃത്തി ആണ്. അഭിനയമാണ് പിതാവ് തനിക്കു കണ്ടുപിടിച്ച ജോലി എന്നുകൂടി അറിഞ്ഞപ്പോൾ ഉത്സാഹം വർധിച്ചു. ജാക്സൺ എന്ന ഒരു മനുഷ്യൻ "എട്ടു ലങ്കാഷയർ പയ്യന്മാർ " എന്ന പേരിൽ ഒരു സംഘം നടത്തുന്നുണ്ടായിരുന്നു. നൃത്തവും പാട്ടും നാടകവും ഇടകലർന്ന ഒരു പരിപാടിയാണ് അവർ അവതരിപ്പിച്ചിരുന്നത്. ഏറ്റു പയ്യന്മാരിൽ ഒരാളായി ചാർലിയെ  എടുത്തു. നല്ല മനുഷ്യനായിരുന്നു ജാക്സൺ. മിസ്സിസ് ജാക്സൺ അതിലും നല്ലവൾ. സംഘത്തിലെ നാല് പേര് അവരുടെ മക്കൾതന്നെയാണ്. ക്രിസ്മസ് വന്നതോടെ "സിൻഡ്രെല്ല" നാടക കളികൾക്ക് പ്രിയം വർധിച്ചു. കൂട്ടത്തിൽ കോമാളിയുടെ വിക്രിയകളും ഉണ്ടാകും.



കാണികൾ ഏറ്റവുമേറെ രസിച്ചിരുന്നത് ഈ ഭാഗമാണ്. കൊച്ചു പയ്യന്മാർ പട്ടിയായോ പൂച്ചയായോ മാസ്ക് ധരിച്ചു പ്രത്യക്ഷപ്പെടുന്നു. കോമാളി ഇവർക്കിടയിൽ പ്രത്യക്ഷപ്പെട്ടു പലതരം തമാശകൾ കാട്ടി ആസ്വാദകരെ രസിപ്പിക്കുന്നു. കുട്ടികളുടെ കൂട്ടത്തിൽ ഏറ്റവും പ്രായം കുറവ് ചാർളിക്കായിരുന്നു. അതുകൊണ്ടു അവനു പൂച്ചയുടെ വേഷമാണ് കൊടുത്തത്. ഭക്ഷണം ഫ്രീ. ആഴ്ചയിൽ അറ ക്രോൺ ശമ്പളം. അത് മാനേജർ നേരിട്ട് അവന്റെ അമ്മക്ക് അയച്ചു കൊടുക്കും. പൂച്ചയെ പോലെ നാല് കാലിൽ നടന്നും 'മ്യാവു' കരഞ്ഞും ചാർളി പ്രേക്ഷകരെ രസിപ്പിച്ചു പോന്നു. കോമാളി വരുന്നതോടെ തമാശ കൂടുതൽ കൊഴുക്കുന്നു. അതിനിടയിൽ ചാർളി മനോധർമമനുസരിച്ചു സംവിധായകൻ പറയാത്ത ചില കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. അവൻപമ്മി ചെന്ന് പട്ടിയുടെ പൃഷ്ടം മണപ്പിച്ചു ഒരു വല്ലാത്ത ഭാവം കാട്ടും. അതുകൊണ്ടു പ്രേക്ഷകർ തലതല്ലി ചിരിക്കും. പ്രോത്സാഹനം കിട്ടിയതോടെ അവന്റെ മനോധർമ അഭിനയവും കൊഴുത്തു. ഒരു നല്ല നടനായി തീരേണം എന്ന് ആഗ്രഹം എന്ന് അക്കാലത്തു ചാർളിക്ക് ഇല്ലായിരുന്നു. ജീവിതമായിരുന്നു ആ കുട്ടിയുടെ മുഖ്യ പ്രശ്നം. എങ്കിലും മനോ രാജ്യങ്ങളിൽ, തന്റെ ഭാവിയെ കുറിച്ച് ചില സങ്കല്പങ്ങളെല്ലാം അവൻ നെയ്തുണ്ടാക്കിയിരുന്നു. ഒരു പാർലമെന്റ് അംഗം – അല്ലെങ്കിൽ നല്ല ഒരു സംഗീതജ്ഞൻ. ഇതിൽ ഏതെങ്കിലും ഒന്ന് ആവാൻ ആയിരുന്നു അവനാഗ്രഹം. രണ്ടും അക്കാലത്തു മാന്യതയുള്ള പദവികളാണ്. നാടകക്കാരെ മാന്യന്മാർക്കു പരമ പുച്ഛമായിരുന്നു. അതുകൊണ്ടു ഒരു നടനാകാൻ ചാർളി ഒട്ടും ആഗ്രഹിച്ചില്ല. അതിനകം കൊച്ചു ചാർളിയുടെ കോമാളിത്തരങ്ങൾ ആരാധകരെ സൃഷ്ടിച്ചു കഴിഞ്ഞിരുന്നു. ചാർലിയുടെ രസികത്തരങ്ങൾ കളിയിലെ ഒരാവശ്യ ഘട്ടമായി തീർന്നു. സംഘത്തിലെ മറ്റു കുട്ടികളെക്കാൾ അവൻ ശ്രദ്ധേയനായി. സംഘത്തിൽ അവനിപ്പോൾ മറ്റാറ് ക്കുമില്ലാത്ത ഒരു മാന്യത ഉണ്ട്. അരങ്ങിൽ എന്തും കാട്ടാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അവനതു ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തു. ചാർളിയുടെ ആരോഗ്യം വർധിച്ചു. വേഷം മെച്ചപ്പെട്ടു. അമ്മയ്ക്ക് തുണയാവാൻ കഴിഞ്ഞു എന്ന സംതൃപ്തി അവനെ ആഹ്ലാദിപ്പിച്ചു.

# ആപ്പിലായ വാൽ


ആതിര ഉല്ലാസ്

ഗപ്പി മുയലും കപ്പി കുരങ്ങനും കൂട്ടുകാരായിരുന്നു . സുഹൃത്തുക്കളാണെങ്കിലും 2 പേരുടെയും സ്വഭാവത്തിൽ കാര്യമായ വ്യത്യാസം ഉണ്ടായിരുന്നു . ആപത്തിലകപ്പെട്ടതായി ആരെക്കണ്ടാലും ഗപ്പി മുയലിന്റെ ഹൃദയം അലിയും . അവർക്കു വേണ്ടുന്ന സഹായം ചെയ്യാൻ സ്വന്തം കാര്യം എല്ലാം മറന്നേക്കും.ആരെയും ചതിക്കുന്നതോ വഞ്ചിക്കുന്നതോ വഴക്കുണ്ടാക്കുന്നതോ പോലും അവനു ഇഷ്ടം അല്ല .എന്നാൽ കപ്പികുരങ്ങൻ വളരെ സൂത്രശാലിയായിരുന്നു.സ്വന്തം കാര്യസാധ്യത്തിനു വേണ്ടി ചിലപ്പോൾ ആത്മാർത്ഥ സുഹൃത്തായ ഗ്യാപ്പിയെ പോലും കാപാലിപ്പിക്കാനോ ചതിക്കണോ അവനു മടിയില്ല .പ്രശ്നത്തിൽ അകപ്പെട്ടിരിക്കുന്ന ആരെയെങ്കിലും  കണ്ടാൽ അവനു പിന്നെ രസം പിടിക്കും .ഒന്നും രണ്ടും പറഞ്ഞു കളിയാക്കി അവരെ കുത്തി നോവിക്കലായി അവന്റെ പണി .

ഒരിക്കൽ അവർ തങ്ങളുടെ സ്വന്തം കൽക്കി കാട്ടിലൂടെ നടക്കുകയായിരുന്നു .നടന്നു നടന്നു പോകുമ്പോൾ നായാട്ടുകാർ വിരിച്ച



കെണിയിൽ കുടുങ്ങി കാട്ടിലെ പ്രമാണിയായ കിച്ചു കരടി കിടക്കുന്നതു അവർ കണ്ടു .കപ്പിക്ക് വളരെ സന്തോഷമായി. കാരണം തേൻ കാറ്റെടുത്തതിന്റെ പേരിൽ കുറച്ചുനാൾ മുൻപാണ് അവർ തമ്മിൽ വഴക്കുണ്ടായതും കേരു , കപ്പിയുടെ കള്ളത്തരം പൊളിച്ചതും .കെണിയിൽ കുടുങ്ങിയ കേരുവിനെ കണ്ട് , കപ്പി കൈകൊട്ടി ചിരിച്ചുകൊണ്ടിരിക്കെ , നല്ലവനായ ഗപ്പി കുറെയേറെ പരിശ്രമിച്ചു കേരുവിനെ

കെണിയിൽ നിന്ന് രക്ഷിച്ചു. ഇത് കണ്ട് കപ്പിക്ക് , ഗപ്പിയോട് കലി കയറി . ഒന്നും മിണ്ടാതെ മുന്നോട്ട് നടന്നു.കേരു ഗപ്പിയോട് നന്ദി പറഞ്ഞു നടന്നു അകന്നു .


പിറ്റേന്ന് രാവിലെ തനിക്കു ഏറ്റവും ഇഷ്ടമുള്ള ഇളം പുല്ല് തിന്നാനെത്തിയ ഗപ്പി മുയലിനു ആ കാഴ്ച്ച കണ്ടു സങ്കടം വന്നു . ഇളംകാറ്റിൽ തലയാട്ടി ചിരിച്ചു നിന്ന പുൽത്തലപ്പു മുകളിലെല്ലാം ആരോ കനത്തിൽ ചെളി കുറി ഒഴിച്ചിരിക്കുന്നു . പരിസരമാകെ നിരീക്ഷിച്ചപ്പോൾ ചെളിയിൽ പൊതിഞ്ഞ കൈ കാൽ പാടുകൾ അല്പം മുന്നോട്ടു,ചെന്നിട്ടു ഒരു മരത്തിനു അരികിലേക്ക് പോയി ഇരിക്കുന്നതായി കണ്ട ഗപ്പിക്കു കാര്യം മനസ്സിലായി .തലേന്നത്തെ ദേഷ്യം സുഹൃത്ത് കപ്പി തീർത്തിരിക്കുന്നു ഗപ്പി തീറ്റ തേടി കുറച്ചു ദൂരെ ഉള്ള സ്ഥലത്തേക്ക് പോയി .രാവിലെ നടന്നതെല്ലാം മറന്നു പുല്ലും കഴിച്ചു ഗപ്പി വരുമ്പോൾ അടുത്ത് എവിടെ നിന്നോ ഒരു ദയനീയ ശബ്ദം കേൾക്കുന്നു .കപ്പിയുടെ ശബ്ദം ആറ് അത് എന്ന് അവൻ മനസിലാക്കി .അവൻ തിരയാൻ ആരംഭിച്ചു .കപ്പി യുടെ വാൽ അറുത്തു വെച്ചിരിക്കുന്ന ഒരു തടിയുടെ ഇടയിൽ കുടുങ്ങി .തടിയിൽ ആപ്പ് ഊരി മാറ്റുന്നതിനിടയിൽ സംഭവിച്ചതാണ് ഇത് .ഗപ്പി യെ കണ്ടതും കപ്പി യുടെ മുഖം വിളറി താൻ കാരണമാണ് ഗപ്പി ഇത്ര ദൂരം യാത്ര ചെയ്തു വന്നിരിക്കുന്നതെന്ന് അവനു മനസ്സിലായി .ഗപ്പി അതൊന്നും ശ്രദ്ധിക്കാതെ കാട്ടിലേക്ക് ഓടി അപ്പോൾ ഒരു തേൻ കൂട്ടം ആയി കേറി മുന്നിൽ വന്നു കെറുവിനോട് ഗപ്പി പറഞ്ഞു എന്റെ കൂടെ ഒന്ന് വരണം നീ വിളിച്ചാൽ പിന്നെ ഞൻ വരാതിരിക്കുമോ കേറി പറഞ്ഞു നീ കാര്യം പറ .കപ്പിയുടെ അടുത്തേക്ക് ഗപ്പി രുവിനെ കൊണ്ട് പോയി. കപ്പിയെ കണ്ടതും കെറുവിന്റെ മുഖം കറുത്ത് അവൻ തിരിഞ്ഞുനടന്നു ഗപ്പി പറഞ്ഞ് കേറി ചേട്ടാ ഒരാൾ ആപത്തിൽ പെട്ട് കിടക്കുമ്പോൾ നമ്മൾ കണ്ടില്ലെന്നു നടിച്ചു പോകാമോ? ചേട്ടന് നല്ലതേ വരൂ . കേറി തടിയില് വെളിയിൽ കപ്പിയുടെ വാൽ എടുത്തു രക്ഷപെട്ട കപ്പി അവരുടെ മുൻപിൽ തല താഴ്ത്തി നിന്നു .

# മമ്മൂട്ടി


ക്രിസ്റ്റി റെജി

ഒരു ഇന്ത്യൻ അഭിനേതാവും ചലച്ചിത്ര നിർമ്മാതാവുമാണ് പി.ഐ. മുഹമ്മദ് കുട്ടി എന്ന മമ്മൂട്ടി. (ജനനം - 7 സെപ്റ്റംബർ 1951) കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത് ചെമ്പ് എന്ന സ്ഥലത്ത് ജനിച്ചു. അഭിഭാഷകനായി യോഗ്യത നേടിയെങ്കിലും രണ്ടു വർഷം മഞ്ചേരിയിൽ അഭിഭാഷക ജോലിയിൽ ഏർപ്പെട്ട ശേഷം അഭിനയരംഗത്ത് വേരുറപ്പിച്ചു. എൺപതുകളുടെ തുടക്കത്തിലാണ് മലയാളചലച്ചിത്രരംഗത്ത് ശ്രദ്ധേയനായത്.

മൂന്നു പതിറ്റാണ്ടുകളിലേറെയായി സജീവ അഭിനയ രംഗത്തുള്ള ഇദ്ദേഹം മികച്ച നടനുള്ള ദേശീയപുരസ്കാരം മൂന്ന് തവണ നേടിയിട്ടുണ്ട്. ഇതിനു പുറമേ അഞ്ചു തവണ മികച്ച നടനുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരവും, 12 തവണ ഫിലിംഫെയർ (ദക്ഷിണേന്ത്യൻ) പുരസ്കാരവും ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 1998-ൽ ഭാരതസർക്കാർ പത്മശ്രീ നൽകി ആദരിച്ചു.2010 ജനുവരിയിൽ കേരള സർവകലാശാലയിൽ നിന്ന് ഹോണററി ഡോക്ടറേറ്റ് ലഭിച്ച ഇദ്ദേഹത്തെ ആ വർഷം ഡിസംബർ തന്നെ ഡോക്ടറേറ്റ് നൽകി കാലിക്കറ്റ് സർവ്വകലാശാലയും ആദരിച്ചു.



ഇദ്ദേഹത്തിന്റെ ഒട്ടേറെ ചലച്ചിത്രങ്ങൾ നമുക്ക് മാതൃകകളാണ്.പേരൻപ് വിധേയൻ , ഒരു

വടക്കൻ വീരഗാഥ , കേരളവർമ്മ പഴശ്ശിരാജ , കാലചക്രം തുടങ്ങിയ സിനിമകളിലൂടെ മലയാള ക്കരയിൽ തന്റെ പ്രാധാന്യം ഉറപ്പിച്ചു.മലയാളം കൂടാതെ തമിഴ് , തെലുങ്ക് , ഇംഗ്ലീഷ് , കന്നട അങ്ങനെ ഒട്ടേറെ ഭാഷകളിലൂടെ തന്റെ അഭിനയമികവ് ലോകത്തിന് തെളിയിച്ചുകൊടുത്തു.

ജോഷി , സത്യൻ അന്തിക്കാട് , ലാൽ ജോസ് , ഷാജി കൈലാസ് , അമൽ നീരദ് , അജയ് വാസുദേവ് , അടൂർ ഗോപാലകൃഷ്ണൻ , എം ടി വാസുദേവൻ നായർ തുടങ്ങി ഒട്ടേറെ സംവിധായകൻമാർ പ്രശസ്തരാകുന്നതിൽ മമ്മൂട്ടിയുടെ അഭിനയമികവ് വഹിച്ച പങ്ക് വളരെ വലുതാണ്.കാലഘട്ടത്തിന് മാറ്റം സംഭവിക്കാം.മാറ്റങ്ങൾ ഉണ്ടാകാം.എന്നാൽ മാറാത്തതായി ഒന്നേയുള്ളൂ.മമ്മൂട്ടിയുടെ അഭിനയമികവ്.പുതുമുഖ നടൻമാർ മാതൃകയാക്കേണ്ട ഒന്നാണ് മമ്മൂട്ടിയുടെ അഭിനയചാതുര്യം.




https://youtou.be/BDnlrvWwxlc

# മോഹൻലാൽ


അനിറ്റ സണ്ണി

മികച്ച നടനുള്ളതടക്കം നാല് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ നേടിയ മോഹൻലാൽ സ്വാഭാവികമായ നടന ശൈലിക്കു പ്രശസ്തനാണ്. മലയാളത്തിനു പുറമേ തമിഴ്, ഹിന്ദി, തെലുങ്ക്, കന്നട തുടങ്ങിയ ഭാഷകളിലുള്ള ചലച്ചിത്രങ്ങളിലും ലാൽ അഭിനയിച്ചിട്ടുണ്ട്. അഭിനയത്തിനു പുറമേ ഏതാനും ചിത്രങ്ങളിൽ പിന്നണി ഗായകനായും അദ്ദേഹം തിളങ്ങിയിട്ടുണ്ട്. ഇന്ത്യൻ ചലച്ചിത്രങ്ങൾക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് 2001-ൽ അദ്ദേഹത്തിന് രാജ്യത്തെ നാലാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മശ്രീ പുരസ്കാരവും 2019 ൽ രാജ്യത്തെ മൂന്നാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മഭൂഷൻ ബഹുമതിയും നൽകി ഭാരത സർക്കാർ ആദരിച്ചു. 2009-ൽ ഇന്ത്യൻ ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണൽ പദവി നൽകുകയും ചെയ്തു. ചലച്ചിത്ര ലോകത്തിനും സംസ്കൃത നാടകത്തിനും നൽകിയ സംഭാവനകളെ മാനിച്ച് കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ഡോക്ടറേറ്റ് നൽകിയും മോഹൻലാലിനെ ആദരിച്ചിട്ടുണ്ട്.





# ശാസ്ത്ര ക്വിസ്


കെസിയ ഷിജു

1. ദേശീയ ശാസ്ത്ര ദിനം?
   ഫെബ്രുവരി 28
2. ലോക ഭക്ഷ്യ ദിനം?
   ഒക്ടോബർ 16
3. മനുഷ്യൻ നിർമിച്ച ആദ്യ സസ്യം?
   ട്രിറ്റിക്കൽ
4. കോശങ്ങളിലെ ജല്ലി പോലുള്ള പദാർത്ഥം?
   പ്രോട്ടോപ്ലാസം
5. ഏറ്റവും വലിയ വൈറസ്?
   പോക്സ് വൈറസ്
6. ഓസ്യ്ഗൻ കണ്ടുപിടിച്ചത്?
   ജോസഫ് പ്രീസ്റ്റലി
7. മണ്ണുപയോഗിക്കാതെയുള്ള കൃഷി?
   ഹൈഡ്രോപോണിക്സ്
8. പ്രോട്ടോൺ കണ്ടുപിടിച്ചത് ആര് ?
   റുഥർഫോർഡ്
9. മനുഷ്യരിൽ ഹൃദയമിടിപ്പ് ഒരു മിനിറ്റിൽ ഏകദേശം എത്ര പ്രാവശ്യമാണ് ?
   72
10. കാലുകൾ കോൺടെക് രുചി അറിയുന്ന ജീവി ?
    ചിത്രശലഭം
11. ശബ്ദം ഏറ്റവും വേഗത്തിൽ സഞ്ചരിക്കുന്ന മാധ്യമം ?
    സ്റ്റീൽ

12.മനുഷ്യന്റെ കഴുത്തിൽ എത്ര അസ്ഥികളുണ്ട് ?

7

13.ഭാവിയുടെ ലോഹം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ലോഹം ?

ടൈറ്റാനിയം

14.ഗ്ലാസിൽ അടങ്ങിയിരിക്കുന്ന പ്രധാന വസ്തു ?

സിലിക്ക

15.പാവങ്ങളുടെ ഓറഞ്ച് എന്നറിയപ്പെടുന്ന ഫലം ?

തക്കാളി

16.റേഡിയോ കണ്ടുപിടിച്ചത് ആര് ?

മാർക്കോണി

17.ഏറ്റവും പതുക്കെ വളരുന്ന ചെടി ?

സിയോൺ

18.കടലിന്റെ ആഴം അളക്കുന്ന ഉപകരണം ?

സോണാർ

19.കള്ളം പറയുന്നത് കണ്ടുപിടിക്കുന്നതിനുള്ള ഉപകരണം ?

പോളിഗ്രാഫ്

20.എല്ലുകൾക്കിടയിൽ വായു അറകളുള്ള പക്ഷി ?

പ്രാവ്

21.മുത്ത് നിർമിക്കുന്ന ജീവി ?

ഓയിസ്റ്റ്

22.കല്ലുകൾ ഭക്ഷിക്കുന്ന പക്ഷി ?

ഒട്ടകപക്ഷി

23.എൻസൈം കണ്ടുപിടിച്ചതാര്?

ബുക്നർ

24.കുഷ്ഠരോഗം പണ്ടുപിടിച്ചതാര്?

ഹാൻസെൻ

25.ജലത്തിന്റെ പി.എച്ച് മൂല്യം?

7




# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്



കീർത്തന രാജേഷ്

എന്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ?
ഒറ്റവാക്കിൽ പറഞ്ഞാൽ കൃത്രിമബുദ്ധി എന്ന് നമുക്ക് പറയാം. ബുദ്ധിയുള്ള യന്ത്രങ്ങളെ സൃഷ്ടിക്കാനും, അവയെ നിയന്ത്രിക്കാനും, അത് യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്ര ശാഖയാണിത്. അനുദിനം വളർന്നു വരുന്ന വലിയൊരു ശാസ്ത്ര ശൃംഖലയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, ഐ.ടി എന്നീ മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന ശാസ്ത്ര സാങ്കേതികവിദ്യ അനുദിനം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ടെക് ഭീമന്മാർ മാത്രമല്ല ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രാധാന്യം നൽകുന്നത്, ചെറിയ സ്റ്റാർട്ടപ്പുകൾ, സ്വതന്ത്ര ഡെവലപ്പർമാർ വരെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രാധാന്യം നൽകുന്നു. നിരവധി പ്രോജക്ടുകളാണ് എ. ഐ അധിഷ്ഠിതമായി നിർമ്മിച്ച കൊണ്ടിരിക്കുന്നത്. മൊബൈൽ ഫോണുകളിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മികവ് നമ്മൾ അറിഞ്ഞുകഴിഞ്ഞു. നിങ്ങൾ ഒരു ഫോട്ടോ എടുക്കുമ്പോൾ പോലും എ. ഐ യുടെ സാന്നിധ്യം അവിടെ ഉണ്ടായിരിക്കും. ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിതമായ തലമുറയാണ് നമ്മളെ കാത്തിരിക്കുന്നത്.

കുറെയധികം സാങ്കേതികവിദ്യകളുടെ ഒരുകൂട്ടം തന്നെയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന് പറയുന്നത്. കൃത്രിമബുദ്ധി എ. ഐ കമ്പ്യൂട്ടർ സയൻസിന്റെ ഒരു നൂതന ശാസ്ത്ര ശാഖയാണ്. നമ്മൾ മനുഷ്യഗണത്തിൽ ഉള്ളവർ ആശയവിനിമയം നടത്താൻ ഭാഷയുടെ സഹായം തേടുമ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്പീക്ക്



റെക്കഗ്നിഷൻ എന്ന ടെക്നോളജി ഉപയോഗിക്കുന്നു. വിത്യസ്തമായ പാറ്റേണുകൾ കണ്ടാൽ മനുഷ്യന് തിരിച്ചറി യാൻ സാധിക്കും, വളരെ ബുദ്ധിമുട്ടുള്ള പാറ്റേണുകൾ തിരിച്ചറിയാൻ മനുഷ്യകുലത്തിന് കഴിയില്ല, കഴിഞ്ഞാൽ തന്നെ അതിന്റെ സമയദൈർഘ്യം വളരെ വലുതായിരിക്കും. ഇങ്ങനെയുള്ള പാറ്റേണുകളെ തിരിച്ചറിയാനും അവയിൽനിന്ന് കാര്യങ്ങൾ ഉൾക്കൊണ്ട് തീരുമാനങ്ങൾ എടുക്കുവാനും കഴിയുന്ന ഒരു മെഷീൻ ലേണിംഗ് എന്ന സാങ്കേതികവിദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന ശാസ്ത്രശാഖയുടെ അവിഭാജ്യഘടകമാണ്. റോബോട്ടിക്സ്, മെഷീൻ ലേണിംഗ്, ന്യൂറൽ നെറ്റ്‌വർക്ക് എന്നിവയെല്ലാം അടങ്ങുന്നതാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. നിങ്ങളുടെ സ്മാർട്ട് ഫോൺ ഉപയോഗിച്ച് അടുക്കളയിൽ വച്ചിരിക്കുന്ന പഴവർഗ്ഗങ്ങളെ തിരിച്ചറിയുന്നു, അതിനുശേഷം നിങ്ങളുടെ ഷോപ്പിംഗ് ലിസ്റ്റിലേക്ക് അവയുടെ പേര് കൂട്ടിച്ചേർക്കുന്നു. പിന്നീട് ഇവയുടെ വില ഇൻറർനെറ്റ് ഉപയോഗിച്ച് കണ്ടെത്തുന്നു അത് നിങ്ങളുടെ ഷോപ്പിംഗ് ലിസ്റ്റിൽ ആഡ് ചെയ്യുന്നു. ഇത് ഒരു ലഘുവായ ഉദാഹരണമാണ്. മനുഷ്യന് കണ്ടെത്താൻ കഴിയാത്ത വിധത്തിലുള്ള കണക്കുകൂട്ടലുകൾ അതിവേഗം തന്നെ, മെഷീൻ ലേണിംഗിലൂടെ സാധ്യമാകും.10 മുതൽ 20 വരെ ബില്യൺ ന്യൂറോണുകളാണ് നമ്മുടെ തലച്ചോറിൽ പ്രവർത്തിക്കുന്നത് ഇവയുടെ സഹായത്തോടുകൂടിയാണ് നമ്മൾ ഓരോ വസ്തുക്കളെ തിരിച്ചറിയുകയും അതിനനുസരിച്ച്നമ്മുടെ തലച്ചോറ് പ്രവർത്തിക്കുകയും ചെയ്യുന്നത്, എന്നാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ നമുക്ക് ന്യൂറോണുകളെ ന്യൂറൽ നെറ്റ്‌വർക്ക്കളായി പറയാം. ഇവിടെയാണ് ഡീപ് ലേണിംഗ് പോലുള്ള സാങ്കേതികവിദ്യ വികസിക്കുന്നത്.



# വൈക്കം മുഹമ്മദ് ബഷീർ



മുഹമ്മദ് നജാദ്

1908 ജനുവരി 21 ന് തിരുവിതാംകൂരിലെ ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈകം താലൂക്കിൽ ഉൾപ്പെട്ട തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാ ക്ലാസ്സ്) കേരളത്തിലെത്തിയ ഗന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി.ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930- ൽ കോഴിക്കോട്ട ഉപ്പ്സത്യഗ്രഹത്തിൽ



പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ

തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ .ഹിന്ദു സന്ന്യാസിമാരുടെയും സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും – തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.  പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും.  വളരെ കുറച്ചു മാത്രമെഴുതിയിട്ടും *ബഷീറിയനിസം* അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത്  മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത്

അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടായിരുന്നു. ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു, കൂടെ കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി, കാലാതിവർത്തിയായി.

ജയിൽപ്പുള്ളികളും, ഭിക്ഷക്കാരും, വേശ്യകളും, പട്ടിണിക്കാരും, സ്വവർഗ്ഗാനുരാഗികളും നിറഞ്ഞ ഒരു ഫാന്റസിയായിരുന്നു ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ, വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിനു നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ചു വച്ചു. സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നവർ മാത്രം നായകൻമാരാവുക, മുസ്‌ലിം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുക തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ്. തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ കൃതികളെ അനശ്വരമാക്കി. മുസ്‌ലിം സമുദായത്തിൽ ഒരുകാലത്തു നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു.

# കമ്പ്യൂട്ടർ



ആൻമരിയ ഷിജോ

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക്ക് ഉപകരണമാണ് കമ്പ്യൂട്ടർ . നിർദ്ദേശങ്ങളുടെ ഒരു സമാഹാരം മുഖേന വിവരങ്ങൾ നടപടിക്കു വിധേയമാക്കുന്ന ഒരു പ്രയോഗോപകരണം അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണം ആണ്. വിധേയമാക്കേണ്ട വിവരങ്ങൾ സംഖ്യകൾ, എഴുത്ത്, ചിത്രങ്ങൾ, ശബ്ദം എന്നിങ്ങനെ പല തരത്തിലുള്ളതിനെ സൂചിപ്പിക്കാം. ലോകത്തിലെ ഏറ്റവും വേഗതയും കാര്യക്ഷമതയുമുള്ള കമ്പ്യൂട്ടറുകളാണ് സൂപ്പർ കമ്പ്യൂട്ടറുകൾ. ഇവ പ്രധാനമായും നാസ, ഐഎസ്ആർഓ തുടങ്ങിയ സ്പേസ് സ്റ്റേഷനുകളിലാണ് ഉപയോഗിക്കുന്നത്. നാസയിലെ സൂപ്പർകമ്പ്യൂട്ടറിന്റെ പേര് കൊളമ്പിയ എന്നാണ്. ചാൾസ് ബാബേജ് , ഇംഗ്ലീഷ് മെക്കാനിക്കൽ എൻജിനീയർ, പോളിമത്ത് എന്നിവ ഒരു പ്രോഗ്രാമബിൾ കംപ്യൂട്ടർ എന്ന ആശയം ഉരുത്തിരിഞ്ഞു. " കമ്പ്യൂട്ടറിന്റെ പിതാവ് " എന്ന് അദ്ദേഹം കരുതി പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ആദ്യ മെക്കാനിക്കൽ കമ്പ്യൂട്ടറാണ് അദ്ദേഹം രൂപപ്പെടുത്തിയെടുത്തത്. നാവിഗേഷണൽ കണക്കുകൂട്ടലുകളിൽ സഹായിക്കാൻ രൂപകല്പന ചെയ്ത വിപ്ലവകരമായ വ്യതിയാന എഞ്ചിനാണ് , 1833-ൽ, ഒരു സാധാരണ രൂപകൽപന, ഒരു അനലിറ്റിക് എഞ്ചിൻ സാധ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. പ്രോഗ്രാമുകളും ഡാറ്റയും നൽകുന്നത് പഞ്ച്ഡ് കാർഡുകൾ വഴി മെഷീനിലേക്ക് നൽകേണ്ടതാണ്, ജാക്കാർഡ് മങ്ങൽ പോലുള്ള മെക്കാനിക്കൽ തട്ടുകളിൽ പ്രവർത്തിക്കാൻ ഉപയോഗിക്കുന്ന ഒരു രീതി. ഔട്ട്പുട്ടിനായി, മെഷീന് ഒരു പ്രിന്റർ, ഒരു കർവ് ബോർഡ്, ഒരു മണി ഉണ്ടായിരിക്കും. പിന്നീടത് വായിക്കാനായി കാർഡുകളിലേക്ക്



നമ്പറുകൾ പഞ്ച് ചെയ്യാൻ കഴിയും. ടർക്കിങ്ങ് പൂർത്തീകരണം എന്ന ആധുനിക പദത്തിൽ വിവരിച്ച ഒരു സാമാന്യ ആപേക്ഷിക കമ്പ്യൂട്ടറിനുള്ള ആദ്യത്തെ ഡിസൈൻ, എഞ്ചിൻ ഒരു അരിത്മെറ്റിക് ലോജിക് യൂണിറ്റ് , കണ്ട്രോഡൽ ബ്രോക്കിംഗ് ആൻഡ് ലൂപ്പുകളുടെ രൂപത്തിൽ നിയന്ത്രണ ഫ്ലോ , ഇന്റഗ്രേറ്റഡ് മെമ്മറി എന്നിവയിൽ ഉൾപ്പെടുത്തി. മെഷീൻ അതിന്റെ സമയം ഒരു നൂറ്റാണ്ടിലേറെ ആയിരുന്നു. അവന്റെ മെഷിനുള്ള എല്ലാ ഭാഗങ്ങളും കൈകൊണ്ട് നിർമ്മിക്കേണ്ടതുണ്ട് - ആയിരക്കണക്കിന് ഭാഗങ്ങളുള്ള ഉപകരണത്തിന് ഇത് ഒരു വലിയ പ്രശ്നമായിരുന്നു. ഒടുവിൽ, പദ്ധതി ബ്രിട്ടീഷ് സർക്കാർ നിറുത്തലാക്കാൻ തീരുമാനിച്ചതോടെ പിരിച്ചുവിട്ടു. ബാബേജ് അനാലിറ്റിക്കൽ എൻജിനീയറിൻറെ പൂർത്തീകരണം പരാജയപ്പെടുത്തുന്നതിനെ രാഷ്ട്രീയവും സാമ്പത്തികവും മാത്രമല്ല, കൂടുതൽ സങ്കീർണ്ണമായ കമ്പ്യൂട്ടർ വികസിപ്പിച്ചെടുക്കാനും മറ്റാരെങ്കിലും കഴിയുന്നതിനേക്കാൾ വേഗത്തിൽ മുന്നോട്ട് പോകാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും മാത്രമല്ല പ്രയാസങ്ങൾ. എന്നിരുന്നാലും, മകനായിരുന്ന ഹെൻറി ബാബേജ്, 1888-ൽ വിശകലനത്തിന്റെ എഞ്ചിൻറെ കമ്പ്യൂട്ടിംഗ് യൂണിറ്റിലെ (*മിൽക്ക്*) ലളിതമായ ഒരു പതിപ്പ് പൂർത്തിയാക്കി. 1906-ൽ ടേബിളുകൾ കംപ്യൂട്ടിംഗിൽ ഉപയോഗിച്ചുവെന്ന് അദ്ദേഹം വിശദീകരിച്ചു. കൈപ്പിടിയിലൊതുങ്ങുന്ന പി. ഡി. എ മുതൽ, നിമിഷാർദ്ധത്തിൽ, കോടാനുകോടി ഗണനങ്ങൾ നടത്താൻ പ്രാപ്തിയുള്ള സൂപ്പർ കമ്പ്യൂട്ടർ വരെയുള്ളവ കമ്പ്യൂട്ടറിന്റെ ഗണത്തിൽപ്പെടുന്നു. മാത്രവുമല്ല, മൈക്രോപ്രൊസസ്സർ (സൂക്ഷ്മാപഗ്രഥനി) അടിസ്ഥാനമാക്കിയുള്ള യന്ത്ര സംവിധാനങ്ങളെയെല്ലാം തന്നെ, കമ്പ്യൂട്ടർ എന്നു വിളിക്കാം. ബൈനറി സംഖ്യാ സമ്പ്രദായത്തിലാണ് കമ്പ്യൂട്ടറിൽ വിവരങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതും. ഇതുതന്നെയാണ് കമ്പ്യൂട്ടറുകളുടെ പ്രവർത്തനത്തിന് അടിസ്ഥാനം എന്നും പറയാം. കമ്പ്യൂട്ടറുകൾ പല തരത്തിലുള്ള സ്ഥൂലമായ പാക്കിങ്ങുകളിൽ ലഭ്യമാണ്. ആന്തരികമായ കമ്പ്യൂട്ടറുകൾ ഒരു വലിയ മുറിയുടെ അത്രയും വലുതായിരുന്നു. പക്ഷേ, ഇന്ന് ഏറ്റവും സാധാരണമായി ഉപയോഗിക്കുന്ന രൂപം നിവേശിപ്പിക്കപ്പെട്ട കമ്പ്യൂട്ടർ ആണ്, അതായത് മറ്റൊരു യന്ത്രത്തെ നിയന്ത്രിക്കുന്ന കമ്പ്യൂട്ടർ. യുദ്ധവിമാനങ്ങൾ മുതൽ ഡിജിറ്റൽ ക്യാമറകൾ വരെയുള്ള യന്ത്രങ്ങൾ അവയിൽ നിവേശിപ്പിക്കപ്പെട്ട കമ്പ്യൂട്ടറുകളാണ് നിയന്ത്രിക്കുന്നത്.

# അവിരാമം



ശ്രീമതി പാർവതി
പി നായർ

ചിലമ്പിച്ച ചിതലരിച്ചിട്ടുന്ന വാക്കിന്റെ
അന്തരാർത്ഥങ്ങളെ നെഞ്ചോടു ചേർത്തു നാം...
ഒരു രാക്കിനാവായ് പൊഴിയും കനവുകൾ-
ക്കെത്രയർത്ഥം കൊടുത്തശ്രുവാർക്കുന്നു നാം...
ഒരു കടലിരമ്പുന്നു വന്യമായി , ഭ്രാന്തമായ്
ഹൃദയത്തിനാഴങ്ങൾ തൊട്ടറിഞ്ഞങ്ങനെ...
കേൾപ്പതുണ്ടോ നീ തമോദുഃഖസാഗര-
ത്തിരയച്ചയൊരു രുദ്രതാണ്ഡവമാടവേ...
അതിൽ നിന്നുമൂറിയൊരു നീർത്തുള്ളി മാത്രമാ-
ണിന്നു നീ കാൺമതെൻ തളരും മിഴികളാൽ...
അരുത്...നിൻ കൈത്തലമുയരരുതു തെല്ലുമീ
അടരും മിഴിനീർക്കണങ്ങൾ തുടയ്ക്കുവാൻ
വാക്കുറങ്ങും മൗനവല്മീകമുടയാതെ ,
തിരിഞ്ഞുനോക്കിടാതെ പോവുക നീ സഖേ...
കത്തുന്ന സൂര്യന്റെ ചെങ്കനൽക്കണ്ണിലേ-
യ്ക്കുറ്റുനോക്കിത്തളർന്നുരുകും വസുന്ധരേ ,
അവിരാമമീ പദയാത്രയിലിത്തിരി
ഇളവേൽക്കുവാനെനിക്കിടമേകുക...!



# കൊറോണ വൈറസ്



സി . ലീന
എസ്.എ.ബി.എസ്

ചൈനയിലെ വുഹാനിൽ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട കൊറോണ വൈറസ് അതിവേഗം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇത് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് ബാധിക്കുന്ന ഒരു രോഗാണുവാണ്. തുടർന്ന് മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പടർന്നു പിടിക്കുന്നു. രോഗലക്ഷണങ്ങൾ എന്തെല്ലാം?

## മൂക്കടപ്പ്

## കഫക്കെട്ട്


## തലവേദന

## തൊണ്ടവേദന

## പനി

ഇത്തരം രോഗലക്ഷണങ്ങളിൽ തുടങ്ങി ഉടൻ തന്നെ ന്യൂമോണിയ ആയി മാറുകയും തുടർന്ന് വൃക്കകളെയും ദഹനപ്രക്രിയകളെയും ബാധിക്കുകയും ചെയ്യുന്നു. ശ്വാസകോശത്തിന്റെ എക്സ്റേയിലൂടെ രോഗത്തിന്റെ തീവ്രത മനസ്സിലാക്കാം. ഈ രോഗത്തിന് പ്രതിരോധമരുന്ന് കണ്ടുപിടിക്കപ്പെട്ടിട്ടില്ല.
എങ്ങനെയാണ് പകരുന്നത്?
രോഗിയുമായുള്ള അടുത്തിടപഴകലിലൂടെ ഈ രോഗം പകരുന്നു. രോഗിയുമായുള്ള ഒരു ഷെയ്ക്ക് ഹാന്റിലൂടെ പോലും ഈ രോഗം പകരാം. ഈ കൊറോണ വൈറസ് ശരീരത്തിൽ പ്രവേശിച്ചാൽ പതിനാലു ദിവസത്തിനു ശേഷമേ രോഗലക്ഷണങ്ങൾ പ്രകടമാവുകയുള്ളൂ. ഈ കാലയളവിനുള്ളിൽ തന്നെ ഈ വൈറസ് മറ്റാളുകളിലേക്ക് പടരാനിടയുണ്ട്. അതുകൊണ്ടാണ് ഇത്ര വേഗത്തിൽ ഈ വൈറസ് ബാധ പടർന്നുപിടിക്കുന്നത്.ഇന്ത്യയിൽ ബീഹാർ

,മുംബൈ ,രാജസ്ഥാൻ, കേരളം എന്നിവിടങ്ങളിൽ വൈറസ് ബാധ നിരീക്ഷിക്കുന്നുണ്ട്. ചൈനയിൽനിന്ന് തിരിച്ചുവന്നവരാണ് നിരീക്ഷണത്തിലുള്ളത്. എബോളയും ഫ്ളൂവും പോലെ ശരീരദ്രവങ്ങളിലൂടെയാണ് ഈ വൈറസും പരത്തുന്നത്. അതുകൊണ്ട് രോഗം സംശയിക്കുന്നവരെപ്പോലും ഏകാന്തസെല്ലുകളിൽ മാറ്റി പാർപ്പിച്ച് ചികിൽസിക്കേണ്ടത് രോഗവ്യാപനം തടയാൻ ഏറെ അനിവാര്യമാണ്. "ദൈവത്തിന് ഒന്നും അസാധ്യമല്ല". [ലൂക്ക 1 : 37] എന്ന തിരുവചനത്തിൽ വിശ്വസിച്ച് ഈ കൊറോണ വൈറസിനെതിരെ നമുക്ക് ദൈവസന്നിധിയിൽ കരങ്ങൾ കൂപ്പാം.



# മൊബൈൽ ഫോൺ



അലക്സ് ജോമോൻ

കൈകളിൽ കൊണ്ടുനടക്കാൻ പറ്റുന്ന ദൂരഭാഷിണിയാണ് മൊബൈൽ ഫോൺ എന്നു പറയുന്നത്. സെല്ലുലാർ ഫോൺ എന്നതിന്റെ ചുരുക്കപേരായി ഇവയെ സെൽ ഫോൺ എന്നും വിളിക്കാറുണ്ട് ഒരു സെല്ലുലാർ നെറ്റ്‌വർക്ക് ഉപയോഗിച്ച് രണ്ടുവഴി റേഡിയോ ടെലികമ്യൂണിക്കേഷൻ സാദ്ധ്യമാക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഇവ. കോഡ്‌ലെസ്സ് ഫോണുകളിൽ നിന്നും വ്യത്യസ്ഥമായ പ്രവർത്തന രീതിയാണ് മൊബൈൽ ഫോണുകളുടേത്. ലാൻഡ് ലൈനുമായി ബന്ധിപ്പിച്ചിട്ടുള്ള ബേസ് സ്റ്റേഷനിൽ നിന്നു ഒരു നിശ്ചിത ദൂര പരിധിയിൽ നിന്നു കൊണ്ടു മാത്രമേ കോഡ്‌ലെസ് ഫോണുകൾ പ്രവർത്തിക്കാനാകൂ. പബ്ലിക് ടെലഫോൺ നെറ്റ്‌വർക് ഉപയോഗിച്ച് ലോകത്തെമ്പാടുമുള്ള മറ്റു മൊബൈൽ ഫോണുകളിൽ നിന്നും ലാന്റ് ഫോണുകളിൽ നിന്നും ടെലിഫോൺ വിളികൾ സ്വീകരിക്കുന്നതിനും അവയിലേയ്ക്ക് വിളിക്കുന്നതിനുമാണ് പ്രാഥമികമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത്.. ഒരു മൊബൈൽ നെറ്റ്‌വർക്ക് ഓപ്പറേറ്ററുടെ കീഴിലുള്ള സെല്ലുലാർ നെറ്റ്‌വർക്കുമായി ബന്ധിച്ചാണ് ഇതു സാദ്ധ്യമാകുന്നത്. ഇതിന്റെ ഏറ്റവും പ്രധാന



സവിശേഷത ഉപയോക്താക്കൾ സഞ്ചരിക്കുകയാണെങ്കിൽ പോലും ഇടമുറിയാതെയുള്ള ഫോൺ കോളുകൾ ചെയ്യുന്നതിനു സാദ്ധ്യമാകുന്നു എന്നതാണ്. ഹാന്റ്ഓഫ് അല്ലെങ്കിൽ ഹാന്റോവർ എന്നൊരു സാങ്കേതികവിദ്യയിലൂടെയാണിത് സാദ്ധ്യമാകുന്നത്. കൂടാതെ മറ്റ് മൊബൈൽ ഫോണുകളിലേയ്ക്ക് എഴുതിയ സന്ദേശം (ടെക്സ്റ്റ് മെസേജ്, എസ്.എം.എസ്)_അയയ്ക്കുന്നതിനും മൊബൈൽ ഫോണുകൾ കൊണ്ട് സാധിക്കും.

ഫോൺ വിളിക്കുക എന്നതിനപ്പുറം ഇന്നത്തെ മൊബൈൽ ഫോണുകൾ മറ്റനവധി സേവനങ്ങളും കൂടി ഉപയോക്താവിനു നൽകുന്നുണ്ട്. ഇ-മെയിൽ, ഇന്റർനെറ്റ്, കളികൾ, ബ്ലൂടൂത്ത്, ഇൻഫ്രാറെഡ്. ക്യാമറ, .എം.എം.എസ്, എം.പി 3,ജി.പി.എസ് എന്നിവ അവയിൽ പെടുന്നു. വളരെ പരിമിതമായ സൗകര്യങ്ങളോടു കൂടി മൊബൈൽ ഫോണുകൾ ഫീച്ചർ ഫോണുകളെന്നും കൂടുതൽ സേവനങ്ങളും സൗകര്യങ്ങളും ഉള്ള മൊബൈൽ ഫോണുകൾ സ്മാർട്ട് ഫോണുകളെന്നും അറിയപ്പെടുന്നു. ആധുനിക മൊബൈൽ ഫോണുകളിൽ ഉള്ള ചില സവിശേഷതകൾ കമ്പ്യൂട്ടറുകൾക്ക് സമാനമായവയാണ്. 1973-ൽ മോട്ടറോളയിലെ ഡോ: മാർട്ടിൻ കൂപ്പറായിരുന്നു കൈയ്യിൽ കൊണ്ടു നടക്കാവുന്ന ആദ്യത്തെ മൊബൈൽ ഫോൺ രൂപ കൽപന ചെയ്തത്. 1973 ഏപ്രിൽ 3-നാണ് കൂപ്പർ ആദ്യമായി ഒരു മൊബൈൽ സംഭാഷണം നടത്തിയത്. അത് "യഥാർഥ സെല്ലുലാർ ഫോണിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത്" എന്നായിരുന്നു. 2 കിലോഗ്രാം ഭാരമുണ്ടായിരുന്ന ആദ്യ മോഡലിന്റെ വില 3500 ഡോളറായിരുന്നു. വാണിജ്യാടിസ്ഥാനത്തിലുള്ള ആദ്യത്തെ മൊബൈൽ ഫോൺ നിർമ്മിച്ചത് മോട്ടറോള തന്നെയായിരുന്നു. ഡൈനാടാക് 8000 എക്സ് എന്നു പേരിട്ടിരുന്ന ഈ ഫോൺ 1983-ൽ പുറത്തിറങ്ങി. 1990-ലെ കണക്കുകളനുസരിച്ച് ലോകത്തെമ്പാടും 124 ലക്ഷം മൊബൈൽ ഫോൺ ഉപയോക്താക്കളുണ്ട്. 20 വർഷം കഴിയുന്നതിനു മുൻപ് 2011-ന്റെ അവസാനമാകുമ്പോഴേക്കും ലോകമെമ്പാടും മൊബൈൽ ഫോണുപയോഗിക്കുന്നവരുടെ എണ്ണം 560 കോടിയായി വർദ്ധിച്ചു. 1990-ൽ ഉണ്ടായിരുന്നതിനെ 360 മടങ്ങിലധികം. വികസ്വര രാജ്യങ്ങളിലും വളരെ താഴ്ന്ന ജീവിത നിലവാരം പുലർത്തുന്ന രാജ്യങ്ങളിലും ഇതിന്റെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

# സൗഹൃദത്തിന്റെ വില

ബോധിസത്വൻ ശിഷ്യന്മാർക്ക് ഗുണപാഠകടകളിലൂടെ ഉപദേശം നൽകുക പതിവായിരുന്നു ഒരിക്കൽ അദ്ദേഹം സൗഹൃതത്തിന്റെ മഹത്വത്തെക്കുറിച്ച് പഠിപ്പിക്കാൻ ഒരു കഥ പറഞ്ഞു : ഒരു തടാകതീരത്തു ഒരു പരുന്തു താമസിച്ചിരുന്നു. അവന് സുഹൃത്തുക്കളാരും ഉണ്ടായിരുന്നില്ല . തനിച്ചായിരുന്നു ജീവിതം. ഒരിക്കൽ അവൻ ഒരു പെൺപരുന്തിനെ കണ്ടുമുട്ടി അവന് അവളെ വളരെ ഇഷ്ടമായി ."നിനക്കു സമ്മതമാണെങ്കിൽ നമുക്ക് കല്യാണം കഴിച്ചു ഒരുമിച്ചു ജീവിക്കാം" അവൻ പെൺപരുന്തിനോട് പറഞ്ഞു"എനിക്ക് സമ്മതമാണ്. പക്ഷെ,അതിനു മുൻപ് എനിക്ക് ഒരു കാര്യം അറിയാൻ ഉണ്ട്.നിങ്ങൾക്ക് എത്ര സുഹൃത്തുക്കൾ ഉണ്ട് ?അവൾ ചോദിച്ചു. ആ ചോദ്യത്തിനു മുമ്പിൽ അവൻ സ്തംഭിച്ചു നിന്നു.

"എനിക്കു സുഹൃത്തുക്കളായി ആരുമില്ല."വിഷമത്തോടെ അവൻ പറഞ്ഞു.

"എങ്കിൽ നിങ്ങൾ ആദ്യം സുഹൃത്തുക്കളെ ഉണ്ടാക്കിയിട്ടു വരൂ. എന്നിട്ട് നമുക്ക് കല്യാണത്തെക്കുറിച്ച് ആലോചിക്കാം."അവൾ ഗൗരവത്തോടെ പറഞ്ഞു. ആൺപരുന്ത് സുഹൃത്തുക്കളെ സമ്പാദിക്കാൻ പുറപ്പെട്ടു. അവൻ ആദ്യം കണ്ടുമുട്ടിയത് ഒരു ആമയെയായിരുന്നു.

"ആമേ, നിനക്ക് എന്റെ ചങ്ങാതിയാകാമോ?" അവൻ ആമയോടു ചോദിച്ചു.

"അതിനെന്ത്! ഞാൻ നിന്റെ ചങ്ങാതിയാകാം," ആമ സമ്മതിച്ചു. പിന്നീടവൻ കണ്ടുമുട്ടിയത് ഒരു മീൻകൊത്തിയെയായിരുന്നു. അവൻ മീൻകൊത്തിയോടും ചോദിച്ചു:

"സുഹൃത്തേ, നിങ്ങൾക്ക് എന്റെ ചങ്ങാതിയാകാമോ? "

"തീർച്ചയായും. നമുക്കു സ്നേഹത്തോടെ നല്ല കൂട്ടുകാരായി കഴിയാം, " മീൻകൊത്തി സമ്മതിച്ചു.

പരുന്തിനു സന്തോഷമായി. അവൻ കാട്ടിൽ പറന്നു നടക്കുമ്പോൾ ഒരു സിംഹത്തെ കണ്ടു. സിംഹത്തെയും ചങ്ങാതിയാക്കിയാൽ കൊള്ളാമെന്നു പരുന്തിനു തോന്നി. അവൻ സിംഹത്തിന്റെ അടുത്തു ചെന്നു.

" അങ്ങയെ കണ്ടപ്പോൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അങ്ങേയ്ക്ക് എന്നെ സുഹൃത്തായി സ്വീകരിക്കാമോ? "പരുന്ത് ചോദിച്ചു.

സിംഹത്തിനും പരുന്തിനെ ഇഷ്ടമായി.പറക്കാനറിയാവുന്ന ഒരു കൂട്ടുകാരനുണ്ടാവുക എന്നത് ഒരു നല്ല കാര്യം തന്നെയാണ്. ഇന്നു മുതൽ നമ്മൾ നല്ല കൂട്ടുകാരായിരിക്കും.സിംഹം പരുന്തിനു കൈ കൊടുത്തു .

പരുന്തു പെൺപരുന്തിന്റെ അരികിലേക്ക് ആനന്ദത്തോടെ പറന്നു ചെന്ന് "എനിക്കു ഇപ്പോൾ മൂന്ന് ചങ്ങാതിമാരുണ്ട്" ആൺപരുന്തു പറഞ്ഞു. "എങ്കിൽ തീർച്ചയായും ഞാൻ കല്യാണത്തിന് തയാറാണ് " പെൺപരുന്തു സമ്മതിച്ചു താമസിയാതെ അവർ വിവാഹിതരായി തടാകക്കരയിലെ ഒരു മരത്തിനു മുകളിൽ പുതിയ ഒരു കൂടു കെട്ടി താമസമാക്കി കുറച്ചു നാല് കഴിഞ്ഞപ്പോൾ അവർക്കു ഏതാനും കുഞ്ഞുങ്ങൾ ഉണ്ടായി

അവർ അങ്ങനെ സന്തോഷത്തോടെ കഴിഞ്ഞ്‌വരുമ്പോൾ ഒരു ദിവസം മൂന്ന് വേട്ടക്കാർ തടാകക്കരയിൽ വന്നു ചേർന്ന് വിശ്രമിക്കാനായി അവർ പരുന്തുകൾ താമസിക്കുനന മരച്ചുവട്ടിൽ ചെന്നിരുന്നു

സന്ധ്യ ആയപ്പോൾ കൊതുകകുളുടെ ശല്യം ആരംഭിച്ചു അവയെ തുരത്താൻ ആ വേട്ടക്കാർ കരിയിലയും ചുള്ളികളും കൂട്ടിയിട്ടു തീകത്തിച്ചു കരിയും പുകയും ചൂടും കൂട്ടിലുണ്ടായിരുന്ന പരുന്തിൻ കുഞ്ഞുങ്ങൾക്ക് അസ്വസ്ഥതയുണ്ടാക്കി അവ ഉറക്കെ കരയാൻ തുടങ്ങി. വേട്ടക്കാർ അത് കേട്ടു.

"ഈ മരത്തിൽ കിളിക്കൂടുണ്ടെന്നു തോന്നുന്നു " ഒരു വേട്ടക്കാരൻ പറഞ്ഞു "എങ്കിൽ നമുക്കു അവയെ പിടിച്ചു ചുട്ടുതിന്നാം "രണ്ടാമൻ ഉത്സാഹത്തോടെ ചാടി എഴുന്നേറ്റു നമുക്കു തീ നല്ലപോലെ കത്തിക്കാം. പക്ഷി കുഞ്ഞുങ്ങൾ ശ്വാസം മുട്ടി താഴേക്ക് ചാടും. " മൂന്നാമൻ ചുള്ളിക്കമ്പുകളും കരിയിലകളും കൊണ്ടുവന്നു തീയുടെ ശക്തികൂട്ടി പരുന്തുകൾ ഭയന്നു വിറച്ചു. നമ്മൾ അപകടത്തിലാണ്. കൂട്ടുകാരോട് വേഗം സഹായത്തിനെത്താൻ പറയൂ. പെൺ പരുന്ത് ആൺപരുന്തിനോട് പറഞ്ഞു. അവൻ വേഗം പറന്നു ചെന്ന് മീൻകൊത്തിയോട് വിവരം പറഞ്ഞു. നീ പേടിക്കണ്ട. ഞാനാ വേട്ടക്കാരെ ഒരു പാഠം പഠിപ്പിക്കും. മീൻകൊത്തി മരത്തിനടുത്തേക്ക് ചെന്നു. അപ്പോഴേക്ക് തീ വളർന്ന് പരുന്തിന്റെ കൂടുവരെ എത്താറായിക്കഴിഞ്ഞിരുന്നു. മീൻകൊത്തി വെള്ളത്തിൽ മുങ്ങി വന്ന് തന്റെ തൂവലിലെ വെള്ളം തീയിൽ കുടയാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ തീ നാളങ്ങൾ താഴ്ന്നു. അതു കണ്ടപ്പോൾ വേട്ടക്കാർ വീണ്ടും തീ കത്തിക്കാൻ ശ്രമിച്ചു. മീൻകൊത്തി പിടികൊടുത്തില്ല. അവൻ തീയിൽ വീണ്ടും വീണ്ടും

ചിറകിൽ നിന്ന് വെള്ളം കടഞ്ഞു വീഴ്ത്തി തീ കെടുത്തിക്കൊണ്ടിരുന്നു. കുറേ നേരം കഴിഞ്ഞപ്പോൾ മീനകൊത്തി തളർന്നു. അതു കണ്ട പെൺപരുന്ത് ആൺപരുന്തിനോട് പറഞ്ഞു. മീൻകൊത്തി തളർന്നു. വേഗം ചെന്ന് ആമയോട് പറയൂ. അവൻ ഉടൻ തന്നെ ആമയെക്കണ്ട് വിവരം പറഞ്ഞു. പേടിക്കണ്ട... ദാ ഞാൻ വരാം. ആമ മരത്തിനടുത്തേക്ക് ഇഴഞ്ഞുചെന്നു. ദാ നലിയൊരാമ! ആമയുടെ വലിപ്പം കണ്ട് വേട്ടക്കാർക്ക് സന്തോഷമായി. നമുക്ക് എന്തിന് കിളിക്കുഞ്ഞുങ്ങൾ. ഇവനെ ചുട്ട് വയറുനിറയ്ക്കാം.വേട്ടക്കാർ ഉത്സാഹത്തോടെ ആമയുടെ കാലിൽ കയറുകൊണ്ട് കെട്ടി പിടിച്ചുവലിച്ചു. പക്ഷേ ആമ ശക്തനായിരുന്നു. അവരെ വലിച്ച് വലിച്ചുകൊണ്ട് അത് തടാകത്തിലേക്ക് ഇറങ്ങി പോയി. വേട്ടക്കാർ മൂന്നു പേരും വെള്ളത്തിൽ വീണു. നീന്തലറിയാത്ത അവർ കുറയെ ബുദ്ധിമുട്ടിയാണ് കരയ്ക്ക കയറിയത്. തണുത്തു വിറച്ച വേട്ടക്കാർ വീണ്ടും തീകൂട്ടി. ആ ആമയെ പിടിക്കാൻ അത്ര എളുപ്പമല്ല. നമുക്ക് ആ പക്ഷിക്കുഞ്ഞുങ്ങളെ തന്നെ പിടിച്ചുതിന്നാം. വേട്ടക്കാർ തീരുമാനിച്ചു. അതു കേട്ട പരുന്ത് ഇനി എന്താണൊരു വഴിയെന്ന് ആലോചിച്ചപ്പോഴാണ് കൂട്ടുകാരനായ സിംഹത്തെ ഓർമ്മ വന്നത്. അവൻ അതിവേഗത്തിൽ സിംഹത്തിന്റെ അടുത്തെത്തി വിവരം പറഞ്ഞു. വേട്ടക്കാരോ?എവിടെ അവൻമാർ? ദേഷ്യത്തോടെ അലറിക്കൊണ്ട് സിംഹം പരുന്തിനോടൊപ്പം പാഞ്ഞു. ഓടി വരുന്ന സിംഹത്തെ കണ്ട വേട്ടക്കാർ ഭയന്നു. അവർ ആയുധങ്ങൾ പോലും എടുക്കാൻ മറന്നു. ജീവനും കയ്യിൽപിടിച്ചുകൊണ്ട് ഓടി.
പരുന്തുകൾക്ക് വളരെ സന്തോഷമായി.അവർ കൂട്ടുകാർക്ക് നന്ദി പറഞ്ഞു.

# യാത്രാമംഗളങ്ങൾ....



ദീർഘകാലത്തെ സ്തുത്യർഹ
സേവനത്തിനു ശേഷം ഞങ്ങളോടു വിട
പറയുന്ന സിസ്റ്റർ ടെസ്സിക്ക്
സ്നേഹം നിറഞ്ഞ
യാത്രാമംഗളങ്ങൾ......

## അഭിനന്ദനങ്ങൾ.....






ലിറ്റിൽ കൈറ്റിന്റെ ജില്ല ക്യാംപിൽ പങ്കെടുക്കാൻ യോഗ്യത നേടിയ ആദിത്യനും ആനന്ദിനും അഭിനന്ദനങ്ങൾ.....

# പിരിയാത്ത സൗഹൃദം!!!



ആൽബിൻ റിജു






# നന്ദി!!!!